# അദ്ധ്യായം 14

# അന്യഭാഷയും പ്രവചനവും

ആത്മിയ വരങ്ങളെ കുറിച്ചുള്ള ചോദ്യങ്ങൾക്ക് പ്രതികരണമായി പൗലൊസ് അവയുടെ ഉദ്ദേശമായ ശരീരത്തിന്റെ ഐക്യതയും അവ ഉപയോഗിക്കേണ്ടതിന്റെ അടിസ്ഥാനമായ സ്നേഹത്തെയും ലേഖനത്തിൽ അവർക്കു കാണിച്ചു കൊടുക്കുകയാണ്. ആദ്യം പറഞ്ഞ വരങ്ങളുടെ ലിസ്റ്റിൽ പ്രത്യേക ഊന്നൽ കൊടുക്കാതെ ആണ് അന്യഭാഷ ഉൾപ്പെടുത്തിയിരിക്കുന്നത്. ആ വരത്തെ അവൻ ആദ്യം നിർവ്വചിച്ചിരുന്നില്ല; എന്നാൽ അവന്റെ നിർദ്ദേശം തുടർന്നു. ആത്മിയ വരങ്ങളുടെ ഉപയോഗം വർദ്ധിച്ചതോടെ സഭയിൽ പ്രത്യേകിച്ച് അന്യഭാഷ ഉപയോഗിക്കുന്നതിനെ ചൊല്ലി സംഘർഷം ഉയർന്നു. അദ്ധ്യായം 14 ലെ പ്രബോധനം വായിച്ചാൽ, എന്തുകൊണ്ടാണ് അന്യഭാഷം ആത്മിയ വരങ്ങളുടെ അവസാനം ചേർത്തത് എന്നു ബോധ്യമാകും (12:28; 12:10, 30 നോക്കുക).

അമാനുഷ വരങ്ങളെ പ്രദർശിപ്പിക്കുന്നതിനെ, ആദ്യം, സ്നേഹവുമായി ചേർത്ത് പ്രസ്താവിക്കുക എന്നതായിരുന്നു അപ്പൊസ്തലന്റെ നയം. അപ്പൊസ്തലൻ പറഞ്ഞത്, "നിങ്ങൾ മൽസരിക്കുകയാണെങ്കിൽ," ആ എരിവ് "ദൈവത്തെയും, നമ്മുടെ സഹോദരീ സഹോദരന്മാരെയും, മറ്റുള്ളവരേയും സ്നേഹിച്ചുകൊണ്ടായിരിക്കണം കാണിക്കേണ്ടത്." ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം തന്നെ സ്നേഹം ആയിരിക്കണം. എന്നാൽ സ്നേഹത്തിന്റെ മുൻഗണന പറഞ്ഞുകൊണ്ടു മാത്രം പരിഹരിക്കാവുന്നതായിരുന്നില്ല, കൊരിന്തിലെ പ്രശ്നം. കാരണം അവരുടെ ഭിന്നതക്ക് ആത്മിയ വരങ്ങൾ മാത്രമായിരുന്നില്ല ഹേതുവായത്.

ആ സഹോദരന്മാർക്ക് തമ്മിൽ ഉണ്ടായിരുന്ന സംഘർഷത്തിന് അന്യഭാഷ മാത്രമായിരുന്നില്ല കാരണമെങ്കിലും, അന്യഭാഷയുടെ ഉപയോഗത്തിലെ കുഴപ്പം പ്രത്യേകമായി എടുത്തു പറയാവുന്ന ഒന്നു തന്നെയാണ്. ക്രിസ്ത്യാനികൾക്ക് അന്യഭാഷയിൽ സംസാരിക്കുവാനും. രോഗശാന്തി നൽകുവാനും, മറ്റു പല വരങ്ങളും ലഭിച്ചിരുന്നു. അന്യഭാഷാവരം വീടുകളിൽ, ചന്ത സ്ഥലങ്ങളിൽ, രഹസ്യമായി ഒക്കെ ഉപയോഗിക്കുവാൻ കഴിഞ്ഞു, എങ്ങനെയായാലും, *സഭായോഗങ്ങളിലെ അന്യഭാഷാ ഉപയോഗം* അവർക്കിടയിൽ ഭിന്നിപ്പിനു കാരണമായി.

എല്ലാ ആത്മിയ വരങ്ങളെയും കൂട്ടിച്ചേർത്താലും, സ്നേഹമായിരിക്കണം അവയുടെ നടത്തിപ്പിന് ആവശ്യമെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പിന്നെ അപ്പൊസ്തലൻ രണ്ടാമത്തെ അപേക്ഷയിലേക്ക് തിരിയുകയാണ്. സഭായോഗത്തിൽ അന്യഭാഷയുടെ ഉപയോഗം കുറക്കുക എന്നതായിരുന്നു പൗലൊസിന്റെ ലക്ഷ്യം. അവൻ മുൻപ് ആത്മിയ വരങ്ങളെ സ്നേഹവുമായി താരതമ്മ്യം ചെയ്യുകയായിരുന്നു എങ്കിൽ, ഇപ്പോൾ അവൻ പ്രവചനവും അന്യ

ഭാഷയും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുകയാണ്. "നിങ്ങളുടെ എരിവ് കർത്താവിനായി കാണിക്കുന്നു എങ്കിൽ, അത് എല്ലാ സഹോദരങ്ങളെയും പ്രോൽസാഹിപ്പിക്കുന്നതിനും അവരുടെ ആത്മിയ വർദ്ധനക്കുമായി ഉപയോഗിക്കുക" എന്നാണ് പൗലൊസ് നിർദ്ദേശിച്ചത്. അന്യഭാഷയും പ്രവചനവും വായ്കൊണ്ടുള്ള പ്രകടനമാണ്. പ്രവചനം വിശ്വാസ സമൂഹത്തിന് മുഴുവൻ പ്രയോജനപ്പെടുന്നതാണ് എന്ന് ബോധ്യമാക്കി അപ്പൊസ്തലൻ, അവിവേകത്തോടെ ഉന്യഭാഷ ഉപയോഗിക്കുന്നതിനെ നിരുൽസാഹപ്പെടുത്തുകയാണ്. അന്യഭാഷയിൽ-സംസാരിക്കുന്നതിനേക്കാൾ, കൂടുതൽ ചിന്തനീയവും ഉദ്ദേശവും ഉള്ളതാണ് പ്രവചനം എന്ന് പൗലൊസ് അവരെ ബോധ്യമാക്കി.

### പൗലൊസിന്റെ വിശദീകരണം (14:1-5)

**[1]സ്നേഹം ആചരിപ്പാൻ ഉൽസാഹിപ്പിൻ, ആത്മിയ വരങ്ങളും വിശേഷാൽ, പ്രവചനവരവും വാഞ്ഛിപ്പിൻ. [2]അന്യഭാഷയിൽ സംസാരിക്കുന്നവൻ മനുഷ്യരോടല്ല ദൈവത്തോടത്രെ സംസാരിക്കുന്നു; ആരും തിരിച്ചറിയുന്നില്ല ല്ലൊ. എങ്കിലും അവൻ ആത്മാവിൽ മർമ്മങ്ങളെ സംസാരിക്കുന്നു. [3]പ്രവചിക്കുന്നവനെ ആത്മികവർദ്ധനെക്കും പ്രബോധനത്തിനും ആശ്വാസത്തിനുമായി മനുഷ്യരോട് സംസാരിക്കുന്നു. [4]അന്യഭാഷയിൽ സംസാരിക്കുന്നവൻ തനിക്കു താൻ ആത്മിക വർദ്ധന വരുത്തുന്നു; പ്രവചിക്കുന്നവൻ സഭെക്ക് ആത്മിക വർദ്ധന വരുത്തുന്നു. [5]നിങ്ങളിൽ എല്ലാവരും അന്യഭാഷകളിൽ സംസാരിക്കണമെന്നും, വിശേഷാൽ പ്രവചിക്കേണം എന്നും ഞാൻ ഇഛിക്കുന്നു.**

**വാക്യം 1.** "ശ്രേഷ്ഠ മാർഗം" **സ്നേഹം ആചരിപ്പിൻ** എന്ന് പറഞ്ഞ് പൗലൊസ് തന്റെ പോയിന്റ് ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്യുന്നു (12:31). **ആത്മിയ വരങ്ങളെ ... വാഞ്ഛിപ്പിൻ** എന്നു ഊന്നി പറഞ്ഞിരിക്കുന്നു. കൊരിന്ത്യയിലെ ക്രിസ്ത്യാനികൾക്ക് ദൈവം നൽകിയ അത്ഭുത വരങ്ങളെ നിസാരമായി കാണരുത്. ആത്മാവ് അവർക്ക് നൽകിയ വരം ഏതായാലും, അവർ അതിൽ സന്തോഷിക്കണമെന്നായിരുന്നു. അപ്പൊസ്തലൻ പ്രബോധിപ്പിച്ചത്. പൗലൊസ് സ്നേഹത്തെ കുറിച്ച് പ്രബോധിച്ച ശേഷം "ആത്മിയ വരങ്ങൾ" πνευματικῶν, (*ന്യുമാറ്റിക്കോൺ*) എന്ന വിഷയത്തിലേക്ക് മടങ്ങി വരുന്നു (12:1 നോക്കുക). ആത്മാവിന്റെ ഉദ്ദേശം സഫലമാക്കുവാനായി നൽകിയതായിരുന്നു "ആത്മിയ" "വരങ്ങൾ." കൂടാതെ അവ കരുണാകരനായ ദൈവത്തിൽനിന്നുള്ള "വരങ്ങൾ" (χαρίσματα, *കരിസ്മാറ്റ*) ആയിരുന്നു.അദ്ധ്യായം 12 ൽ ആ വാക്ക് അഞ്ചു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു (വാക്യങ്ങൾ 4, 9, 28, 30, 31). പൗലൊസ് അവക്കെല്ലാം ഈ ഗ്രീക്ക് വാക്കാണ് ഉപയോഗിച്ചത്. ലേഖനത്തിൽ, പിന്നീട് ആ വാക്ക് ഉപയോഗിച്ചിട്ടില്ല.

ദാനമായി ആത്മിയ വരങ്ങൾ ലഭിച്ച ക്രിസ്ത്യാനികൾ അവയെ സന്തോഷത്തോടെ ഉപയോഗിച്ചു; എന്നാൽ ചില വരങ്ങൾ മറ്റു വരങ്ങളേക്കാൾ കൂടുതലായി സഭയുടെ അഭ്യുന്നതിക്കായി ഉപയോഗിച്ചു. അച്ചടക്കമില്ലാതെ അന്യഭാഷ ഉപയോഗിക്കുന്നത് നിർത്തണമെന്ന് പറയുന്നതിന് മുൻപ്, ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മിക വളർച്ചക്കുള്ള മറ്റൊരു ഉയർന്ന വരത്തെ

കുറിച്ചാണ് അപ്പൊസ്തലൻ പറയുന്നത്. ഓരോ ക്രിസ്ത്യാനിയേയും വ്യക്തി പരമായി വളർത്തുക എന്നതായിരുന്നില്ല പൗലൊസിന്റെ ചിന്ത; മറിച്ച് ഓരോ രുത്തരും സഭയെ അത്തരത്തിൽ കാണണമെന്നായിരുന്നു അപ്പൊസ്തലന്റെ ലക്ഷ്യം. അന്യഭാഷയേക്കാൾ അധികം സഭയെ വളർത്തുവാനും ശക്തിപ്പെ ടുത്തുവാനും സഹായകരമായ വരമായിരുന്നു പ്രവചനം.

കൊരിന്ത്യയിൽ സഭായോഗം കൂടി വന്നപ്പോൾ സംഭവിച്ച ആത്മിയ വര ങ്ങളെ കുറിച്ചായിരുന്നു വിവാദങ്ങൾ ഉയർന്നത് എന്ന് ഐ.[1] ഹോവാർഡ് അഭിപ്രായപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായം ശരിയായിരുന്നു എന്നതിന് തർക്കമില്ല; എന്നാൽ അതിന് തെളിവില്ല. പൂതീയ നീയമത്തിൽ, ക്രിസ്ത്യാനികൾ സഭായോഗം കൂടുമ്പോൾ ഓരോരുത്തരും എങ്ങനെ ആയി രിക്കണമെന്ന് വളരെ കുറച്ചു മാത്രമെ പറയുന്നുള്ളു. ക്രിസ്ത്യാനികൾ സ്വയം മനസിലാക്കുന്ന ഒന്നാണ് സഭായോഗം. ഒരു പരിധി വരെ ക്രിസ്ത്യാനികളെ വേദശാസ്ത്രപരമായി അത് വിശദമാക്കുന്നു. പൊതുവായ സഭായോഗമി ല്ലാതെ ക്രിസ്ത്യാനികളെ ഊഹിക്കുവാൻ തന്നെ കഴിയുകയില്ല.

**വാക്യം 2.** അന്യഭാഷയിൽ സംസാരിക്കുന്നവൻ **ദൈവത്തോട് ... നർമ്മങ്ങളെ സംസാരിക്കുന്നു** എന്നു പൗലൊസ് പറഞ്ഞതിന്റെ അർത്ഥം എന്താണ്? കൊരിന്ത്യയിൽ സംസാരിച്ച അന്യഭാഷ വായനക്കാർ മനസിലാ ക്കുന്നതുവരെ, ആ വേദഭാഗത്തിന് അവരെ സംബന്ധിച്ച് വലിയ അർത്ഥ മില്ല. നിർവ്വചനങ്ങൾ ആദ്യ വായനക്കാർക്ക് വ്യക്തമായിരുന്നു; പിന്നീടുള്ള തലമുറകൾ അത് അന്വേഷിക്കണം. ബുദ്ധിപരവും അല്ലാത്തതുമായ പ്രസം ഗങ്ങളെ തിരിച്ചറിയുക എന്നതായിരുന്നില്ല പൗലൊസിന്റെ ചിന്ത, പിന്നെയോ അന്യഭാഷയിൽ സംസാരിക്കുന്നത് വ്യാഖ്യാനിക്കണം എന്നതായിരുന്നു. വ്യാഖ്യാതാവിന് രണ്ട് തിരഞ്ഞെടുപ്പുകളാണ് ഉള്ളത്. (1) ആരിലേക്ക് സുവി ശേഷ സന്ദേശം എത്താതിരുന്നുവോ, അവരിലേക്ക് അന്യഭാഷയിൽ സംസാ രിക്കുന്നവൻ ആശയവിനിമയം നടത്തുകയാണ്. (2) ചിലപ്പോൾ അന്യഭാഷ തിരിച്ചറിയാൻ പറ്റാത്ത വെറും ശബ്ദങ്ങളായും അയാൾ തിരിച്ചറിയണം കൊരിന്തിൽ നടന്നത്, ആർക്കും തിരിച്ചറിയാൻ പറ്റാത്തതും, ഹർഷോന്മാദ ശബ്ദവും, ബുദ്ധിരഹിതമായ ശബ്ദങ്ങളായിരുന്നു. തെളിവ് അത്തരം നിലപ ാടിനെ പിന്തുണക്കുവാനില്ല.

ആരെങ്കിലും അന്യഭാഷയിൽ സംസാരിക്കുകയാണെങ്കിൽ, അത് മറ്റാർക്കും മനസിലാകുന്നില്ലെങ്കിൽ അയാളും ദൈവവുമായിട്ടാണ് സംസാ രിക്കുന്നത്. പൗലൊസിന്റെ വായനക്കാരെ സംബന്ധിച്ച്, അന്യഭാഷയിൽ സംസാരിക്കുന്നത് അയാൾ ദൈവത്തോട് മർമ്മങ്ങളെ സംസാരിക്കുകയാണ്. എന്നാൽ പ്രവചനം നടത്തുന്ന ആൾ കേൾവിക്കാർക്ക് അറിയാത്ത ഭാഷയി ലല്ല സംസാരിക്കുന്നത്, അത് സഭക്ക് മുഴുവൻ പ്രയോജനപ്പെടുന്നതുമാണ്.[2]

കൂടാതെ, അന്യഭാഷ എന്താണെന്ന് വായനക്കാർക്ക് കുറെ എങ്കിലും മനസിലാക്കുവാൻ ഇവിടെയും പ്രവൃത്തികൾ 2 ലും മാത്രമാണ് ആ വിഷ യത്തെ കുറിച്ച് അൽപമെങ്കിലും പറയുന്നത്. സുവിശേഷം ആശയവിനിമയ ത്തിൽകൂടെ കേൾവിക്കാരിൽ എത്തിക്കുന്നതിനായിരുന്നു അപ്പൊസ്തലന്മാർ അന്ന് അന്യഭാഷയിൽ സംസാരിച്ചത്.[3] 1 കൊരിന്ത്യർ 12–14 ൽ വിവരിച്ചിരി ക്കുന്നത്, തിരിച്ചറിയുവാൻ പറ്റാത്ത ഹർഷോന്മാദ സംസാരം ആണെങ്കിൽ, ഒരേ ഗ്രീക്ക് വാക്കിൽ ഉപയോഗിച്ച രണ്ട് പ്രതിഭാസങ്ങളും, വിശദീകരരണമി ല്ലാതായി പോകും. പെന്തെകൊസ്തുനാളിൽ, അപ്പൊസ്തലന്മാർ ആത്മാിന്റെ

ശക്തിയാൽ, അന്യഭാഷയിൽ സംസാരിച്ചതുപോലെ, ലോകത്തിന്റെ പല ഭാഗത്തുനിന്നും വിവിധ ഭാഷകൾ സംസാരിക്കുന്ന യെഹൂദന്മാർ കൂടി വന്നിരുന്നു. കൊരിന്ത്യയിലെ അവസ്ഥയും മറിച്ചായിരുന്നില്ല. കൊരിന്ത് ഒരു കോസ്മോപൊളിറ്റൻ പട്ടണമായിരുന്നതിനാൽ, പല ദേശക്കാരും ഭാഷക്കാരും അവിടെ വന്നിരുന്നു. ക്രിസ്ത്യാനികൾക്ക് പ്രയോജനം ചെയ്യുന്നതായിരുന്നു, ആത്മാവിനാൽ ആത്മിയ വർദ്ധനവിന് സഹായകരമാകും.

കൊരിന്ത്യ സഭയിലെ ആന്യഭാഷാ പ്രതിഭാസത്തേക്കാൾ പ്രവൃത്തികൾ 2 ലെ "അന്യഭാഷയുടെ" ഉപയോഗം നിർവ്വചിച്ചു വിശദമാക്കാവുന്നതാണെന്ന് ജിമ്മി ജിവിഡെൻ പ്രസ്താവിച്ചിരിക്കുന്നു,

> ... ഒരു അവിശ്വാസിക്കോ, പുതിയ പരിവർത്തകനോ കൂടുതൽ വിശദീകരണം ആവശ്യമാണ്. ഗ്ലോസാ എന്ന വരത്തെ അവർക്ക് ബോധ്യമാക്കി കൊടുക്കണം. പൗലൊസ് ലേഖനം എഴുതിയവർക്ക് കൊരിന്ത്യയിലെ ക്രിസ്ത്യാനികൾക്ക് ആ നിർവ്വചനത്തിന്റെ ആവശ്യമില്ല. ഗ്ലോസാ വരം അവിടെ വളരെ നാളുകളായി നടന്നിരുന്നതിനാൽ അവിടെയുള്ളവർക്ക് അത് അറിയാമായിരുന്നു. തന്റെ വായനക്കാർക്ക് ഒരു നിർവ്വചനത്തിന്റെ ആവശ്യമില്ല എന്നു പൗലൊസിന് അറിയാമായിരന്നു, ലൂക്കൊസിന് അതിനു കഴിഞ്ഞില്ല. കൊരിന്ത്യ ലേഖനത്തിൽ നടന്നത് നിർവ്വചിക്കുവാൻ ശ്രമിക്കുന്നവർ ലൂക്കൊസിന്റെ നിർവ്വചനത്തെ തള്ളിക്കളയുന്നത് മൗഢ്യമായിരിക്കും.[4]

ആത്മാവിന്റെ വരം ലഭിച്ചവർക്ക് അവരുടെ ഇഷ്ടപ്രകാരം ആത്മിയ വരങ്ങൾ ഉപയോഗിക്കുവാൻ കഴിഞ്ഞിരുന്നെങ്കിൽ, അന്യഭാഷയിൽ സംസാരിക്കുന്നവൻ ചില സന്ധർഭങ്ങളിൽ മിണ്ടാതെയിരിക്കണം എന്ന് അയാൾ അറിയണമായിരുന്നു. അതിനു പകരം, അയാൾക്ക് ദൈവവുമായി സംസാരിക്കുവാനുള്ള അവസരവും ഉണ്ടായിരുന്നു (1 കൊ. 14:28). വിദേശഭാഷ സംസാരിക്കുന്ന ആൾക്ക് അയാൾ പറയുന്ന വാക്കുകളുടെ അർത്ഥം മനസിലാകുകയോ മനലിലാകാതിരിക്കയോ ചെയ്യാം (14:13). അയാൾക്ക് വ്യാഖ്യാന വരം ഇല്ലെങ്കിലും, വ്യാഖ്യാന വരമുള്ള മറ്റൊരാൾ വ്യാഖ്യാനിക്കണം. ആത്മാവ് ചില സഹോദരന്മാർക്ക് വ്യാഖ്യാനിക്കുവാനുള്ള വരം നൽകി. അന്യഭാഷ തിരിച്ചറിയാവുന്ന ഭാഷയാണ്. അന്യഭാഷയെ കുറിച്ച് ആഴത്തിൽ പഠനം നടത്തിയ ശേഷം, ആധുനിക കാലത്തെ അന്യഭാഷയുമായി താരതമ്യപ്പെടുത്തി സമാരിൻ താഴെ കൊടുത്തിരിക്കുന്ന അഭിപ്രായം പറഞ്ഞിരിക്കുന്നു,

> ... ഭാഷ എന്നാൽ എന്താണ് എന്നു നാം മനസിലാക്കിയാൽ, ഗ്ലോസാ ഭാഷ എത്ര നന്നായി സംഘടിപ്പിച്ചാലും, അത് മനുഷ്യർ ഉപയോഗിക്കുന്ന സാധാരണ ഭാഷയാണെന്നു തിരിച്ചറിയാം. കാരണം മനുഷ്യർക്ക് അത് മനസിലാക്കുവാനായി ഉള്ളിൽ, വ്യവസ്ഥാപിതമായി ഘടിപ്പിക്കുന്ന ഒന്നല്ല.[5]

ഹർഷോന്മാദ ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നതിനു അർത്ഥമില്ല, ചുരുങ്ങിയത് സ്വാഭാവിക ഭാഷ സംസാരിക്കുന്നതു പോലെ അല്ല എന്നർത്ഥം.

പുതിയ നിയമത്തിൽ പറഞ്ഞിരിക്കുന്ന അന്യഭാഷ സാധാരണ ഭാഷ

യായി കണക്കാക്കണം. അത് ഓരോ സന്ദർഭത്തിലും തെളിയിക്കപ്പെട്ടിട്ടുള്ള താണ്. ക്രിസ്ത്യാനികൾക്ക് അപ്പൊസ്തലിക കാലഘട്ടത്തിൽ ആത്മാവിന ൽ നൽകിയ അത്ഭുത ശക്തിയോ, ആത്മിയ വരങ്ങളോ അവരുടെ ഇഷ്ട പ്രകാരം ഉപയോഗിക്കുവാൻ കഴിയുമായിരുന്നു. വ്യാഖ്യാനി ഇല്ലെങ്കിൽ സംസാരിക്കുന്നവനു മാത്രമെ ആത്മിക വർദ്ധന വരുത്തുന്നുള്ളു. വ്യാഖ്യാനി ഇല്ലെങ്കിൽ, അന്യഭാഷക്കാരൻ തന്നോടും ദൈവത്തോടും സംസാരിക്കട്ടെ എന്നാണ് അപ്പൊസ്തലൻ പറഞ്ഞത്. അന്യഭാഷയിൽ സംസാരിക്കുന്ന ആൾ തന്റെ വിവേചനപ്രകാരം ഉപയോഗിക്കണമെന്നാണ് പറയുന്നത്. “പ്രവാച കന്മാരുടെ ആത്മാക്കൾ” പ്രവാചകന്മാർക്ക് “കീഴ്പ്പെട്ടിരിക്കുന്നു എന്നാണ് അപ്പൊസ്തലൻ പ്രസ്താവിച്ചത്” (14:32). ക്രിസ്ത്യാനികൾക്ക് ആത്മാവിന ൽ നൽകിയ അന്യഭാഷയും പ്രവചനവും പെട്ടെന്ന് നിന്നുപോകുന്നവയാ യിരുന്നില്ല.

വരങ്ങൾ ഉപയോഗിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കയാണ്. ഈ സന്ദർഭത്തിൽ, ഒരു ഭാഷയാണ് അന്യഭാഷ എന്നു മനസിലാക്കണം. പ്ര വൃത്തി 2 ലെ സന്ദർഭത്തിലും അതു തന്നെയാണ് സംഭവിച്ചത്. അന്യഭാഷ അടയാളമായിരിക്കുന്നത് അവിശ്വാസികൾക്കാണ് എന്ന് പൗലൊസ് പിന്നീട് പ റഞ്ഞിരിക്കുന്നു (1 കൊ. 14:22). അവിശ്വാസി തന്റെ മാതൃഭാഷയിൽ മറ്റുള്ളവർ സംസാരിക്കുമെന്ന് പ്രതീക്ഷിക്കുന്നില്ല. സഭായോഗത്തിൽ, ഒരാൾ, അത്ഭുതക രമായി അന്യഭാഷയിൽ സംസാരിച്ചാൽ, ഒരു അവിശ്വാസി അത് കേട്ട് ദൈവം വാസ്തവത്തിൽ അവർക്കിടയിൽ പ്രവർത്തിക്കുന്നതായി വിശ്വസിക്കും. നേ രെ മറിച്ച്, അന്യഭാഷയിൽ വിശ്വാസികളോടാണ് സംസാരിക്കുന്നതെങ്കിൽ, അത് ഒരു കൂത്തുകാഴ്ച്ചയായിട്ടു മാത്രമെ തീരുകയുള്ളു.

**വാക്യം 3. പ്രവചിക്കുന്നവ**[ന്റെ] **സംസാരം** കേൾവിക്കാർക്ക് മനസിലാ കുന്നതുകൊണ്ട്, അത് സഭയെ വളർത്തുന്നതിനും, ശക്തിപ്പെടുത്തുന്നതിനും ആണ്. പ്രവചിക്കുന്നവൻ ആശയവിനിമയം നടത്തുന്നത് **മനുഷ്യരോടാണ്**. പ്രവചിക്കുന്ന അംഗം സഭക്ക് ആത്മിക വർദ്ധന വരുത്തുകയാണ്; എന്നാൽ ഒരാൾ അന്യഭാഷയിൽ സംസാരിക്കുകയാണെങ്കിൽ, അയാൾക്ക് മാത്ര മെ, വ്യാഖ്യാനി ഇല്ലെങ്കിൽ, പ്രയോജനപ്പെടുകയുള്ളു. അന്യഭാഷയും പ്ര വചന വരവും സഭായോഗം കൂടി വരുമ്പോൾ നടന്നിരുന്നതിനാലായിരുന്നു പൗലൊസ് അവയെ കുറിച്ച് പ്രബോധിപ്പിച്ചത്. സഭായോഗം കൂടുമ്പോൾ, ആ സഹോദരന്മാരുടെ സ്വഭാവത്തെ കുറിച്ച് ആയിരുന്നു പൗലൊസിന്റെ വിചാരം.

**വാക്യം 4**. പൗലൊസ് പറഞ്ഞു, **അന്യഭാഷയിൽ സംസാരിക്കുന്നവൻ തനിക്ക് താൻ ആത്മിക വർദ്ധന വരുത്തുന്നു** എന്നത്രെ പൗലൊസ് പറ ഞ്ഞത്; എന്നാൽ **പ്രവചിക്കുന്നവൻ സഭക്ക് ആത്മിക വർദ്ധന വരുത്തുന്നു** എന്നതാണ് വ്യത്യാസം. മുൻപ് ശ്രദ്ധിച്ചതുപോലെ, അത്ഭുതകരമായി ഒരാൾ വിദേശ ഭാഷയിൽ സംസാരിക്കുമ്പോൾ, അത് അയാൾക്ക് മനസിലാകുക യോ, മനസിലാകാതിരിക്കയോ ചെയ്യാം. സ്പഷ്ടമായും ചിലർക്ക് അത് മനസിലാക്കുവാൻ കഴിഞ്ഞിരുന്നു (14:5 നോക്കുക). പറയുന്നത് അയാൾക്ക് മനസിലാകുന്നില്ലെങ്കിൽ, തീർച്ചയായും, അയാൾ ഒരു ഹർഷോന്മാദമായ അവ സ്ഥയിലായിരിക്കും. പറയുന്നത് അയാൾക്ക് മനസിലായാലും, ഇല്ലെങ്കിലും, അയാൾക്ക് അല്ലാതെ വേറെ ആർക്കും അതുകൊണ്ട് പ്രയോജനം ലഭിക്കു ന്നില്ല. വ്യാഖ്യാനി ഇല്ലെങ്കിൽ, ആ സന്ദേശത്താൽ ഒരു ഗുണവും മറ്റാർക്കും ലഭിക്കുകയില്ല. അതേ സമയം പ്രവചനമാണെങ്കിൽ, അത് എല്ലാവർക്കും മന

സിലാകുകയും, ഉത്തേജനം പ്രാപിക്കയും ചെയ്യും.

**വാക്യം 5**. അന്യഭാഷക്കാരൻ സംസാരിക്കുമ്പോൾ, സംസാരിക്കുന്നവന്ന് അത് പ്രയോജനം ചെയ്യുമെന്നത് പൗലൊസ് നിഷേധിക്കുന്നില്ല. നിങ്ങൾ **എല്ലാവരും അന്യഭാഷയിൽ സംസാരിക്കണമെന്നാണ് എന്റെ ആഗ്രഹം** എന്നത്രെ പൗലൊസ് പറഞ്ഞത്. എങ്ങനെയായാലും, സാഹചര്യം നോക്കിയാൽ അവിടെയുള്ള സഹോദരന്മാർ **പ്രവചിക്കയും ചെയ്തിരുന്നു** എന്നു കാണാം. അന്യഭാഷയിൽ സംസാരിക്കുന്നത് ആ ഭാഷ അറിയാവുന്നവർക്ക് പ്രയോജനം ചെയ്യുന്നത്, അത് വ്യാഖ്യാനിക്കുമ്പോഴാണ്. പ്രവചനവും അന്യഭാഷയും സംസാരിക്കുന്നത് ആത്മിക വർദ്ധന വരുത്തുമ്പോഴാണ് സഭക്ക് പ്രയോജനം ചെയ്യുന്നത്.

കൂടി വന്നവരിൽ ചിലർക്കെങ്കിലും മനസിലാകാത്തവരുണ്ടെങ്കിൽ, അത്ഭുതകരമായി വ്യാഖ്യാനവരം ലഭിച്ചവർ അത് പൊരുൾ തിരിച്ച് കൊടുക്കണം. വ്യാഖ്യാനി ഉണ്ടെങ്കിൽ, പ്രവചനം പോലെ അന്യഭാഷയും സഭക്ക് ആത്മിക വർദ്ധന വരുത്തും. വിദേശ ഭാഷയിൽ സംസാരിക്കുന്നത്, പ്രാദേശിക ഭാഷയിൽ തർജിമ ചെയ്യുമ്പോൾ, അത് സഭക്ക് ഉത്തേജനമായി തീരും. അന്യഭാഷ വ്യാഖ്യാനിക്കണം എന്നു പൗലൊസ് പറയുമ്പോൾ, അത് യഥാർത്ഥത്തിലുള്ള ഭാഷയാണെന്ന് സ്പഷ്ടം. ഭാഷ ബുദ്ധിപരമാണെങ്കിൽ, അത് ആത്മിക വർദ്ധന വരുത്തും.

## പൗലൊസിന്റെ ചിത്രീകരണങ്ങൾ (14:6-9)

**6സഹോദരന്മാരേ, ഞാൻ വെളിപ്പാടായിട്ടോ ജ്ഞാനമായിട്ടോ പ്രവചനമായിട്ടോ ഉപദേശമായിട്ടോ നിങ്ങളോട് സംസാരിക്കാതെ, അന്യഭാഷകളിൽ സംസാരിച്ചുകൊണ്ട് നിങ്ങളുടെ അടുക്കൽ വന്നാൽ നിങ്ങൾക്ക് എന്തു പ്രയോജനം വരും? 7കുഴൽ, വീണ എന്നിങ്ങനെ നാദം കൊടുക്കുന്ന നിർജീവ സാധനങ്ങൾ തന്നെയും നാദഭേദം കാണിക്കാഞ്ഞാൽ, ഊതിയതോ മീട്ടിയതോ എന്തെന്ന് എങ്ങനെ അറിയും? 8കാഹളം തെളിവില്ലാത്ത നാദം കൊടുത്താൽ, പടെക്ക് ആർ ഒരുങ്ങും? 9അതുപോലെ നിങ്ങളും നാവുകൊണ്ട് തെളിവായ വാക്ക് ഉച്ചരിക്കാഞ്ഞാൽ, സംസാരിക്കുന്നത് എന്തെന്ന് എങ്ങനെ അറിയും? നിങ്ങൾ കാറ്റിനോട് സംസാരിക്കുന്നവർ ആകുമല്ലോ.**

**വാക്യം 6**. ആ കാര്യത്തെ സംഭവിക്കാനിടയുള്ള രീതിയിൽ അപ്പൊസ്തലൻ ചുരുക്കുകയാണ്. കൊരിന്ത്യ സഭയിൽ, ഭാവിയിൽ ആരാധനക്ക് വരികയാണെങ്കിൽ, അവിടെ കൊരിന്ത്യയിലെ ഭാഷ മാത്രമാണ് സംസാരിക്കുന്നതെങ്കിൽ, **വെളിപ്പാടായോ അല്ലെങ്കിൽ, പ്രവചനത്താലുള്ള ഉപദേശമോ** നൽകിയില്ലെങ്കിൽ, സഭക്ക് അതുകൊണ്ട് പ്രയോജനം ഒന്നും ലഭിക്കുകയില്ല. ദൈവം നൽകിയ ആത്മിയ വരങ്ങൾ സഭയുടെ പൊതു പ്രയോജനത്തിനായി ഉപയോഗിക്കണം. വരം ലഭിച്ചിരിക്കുന്ന ആൾ അത് മനസിലാക്കണം. ദൈവത്തിന്റെ ഉദ്ദേശം എല്ലാവരും ഗ്രഹിക്കണം.

അന്യഭാഷ മനസിലാകുന്നില്ലെങ്കിൽ, അപ്പൊസ്തലനെ സംബന്ധിച്ച് അത് അർത്ഥ ശൂന്യമാണ്. വാക്കുകളുടെ ഉറവിടം എന്തായാലും, പൗലൊസ് തിരഞ്ഞെടുത്തത്, ജ്ഞാനവും ഉപദേശവുമായിരുന്നു. വികാരപരമായ ഹർഷോന്മാദത്തിൽ അവൻ തൽപരനായിരുന്നില്ല. അവ യോജിക്കുന്നത്, അന്യദേ

വന്മാരായ സിബെലെയും, ഡയോനിസസിനേയും സേവിക്കുന്നവർക്കാണ്.

**വാക്യം 7.** ചിത്രീകരണത്തിൽ നിന്നു അപ്പൊസ്തലൻ തിരിയുന്നത് തന്നിലേക്കാണ്. സ്വാഭാവിക ലോകത്തെ ശ്രദ്ധിക്കുവാനാണ് പൗലൊസ് ആവശ്യപ്പെടുന്നത്. സംഗീതോപകരണങ്ങളായ **ഓടക്കുഴലോ, വീണയോ** എടുത്ത് തന്റെ പോയിന്റ് വ്യക്തമാക്കുന്നു. അവ ഓരോന്നും വ്യക്തമായ ശബ്ദ ഭേദം കാണിക്കുന്നതാണ്, കൂടാതെ എന്തെങ്കിലും ആശയവിനിമയം നടത്തുകയോ, ആസ്വാദ്യകരമായ ശബ്ദം പുറപ്പെടുവിക്കയോ ചെയ്യും. അന്യഭാഷയിൽ സംസാരിക്കുന്നത് കേൾക്കുന്നവർക്ക് മനസിലാകുന്നില്ലെങ്കിൽ, ഒരു സംഗീതോപകരണത്തിന് വ്യത്യാസമുള്ളതും തിരിച്ചറിയാവുന്നതുമായ ശബ്ദം വരുത്തുവാൻ കഴിയാത്തതുപോലെയാകും. ഈ കാലത്ത് ഒരു പിയാനോ, പിയാനോയുടെ ശബ്ദം പുറപ്പെടുവിക്കാത്തതുപോലെയാണ്. അത് വായനക്കാർക്ക് തിരിച്ചറിയുവാനോ, രസിക്കുവാനോ കഴിയുകയില്ല. അതുപോലെ കേൾക്കുന്നവർക്ക് മനസിലാകാത്ത ശബ്ദം വെറും ശബ്ദതരംഗം മാത്രമായിരിക്കും. വ്യാഖ്യാനിക്കാത്ത അന്യഭാഷ അർത്ഥശൂന്യമാണ്.

**വാക്യം 8.** ഒരു വാദ്യോപകരണത്തിൽനിന്നു മറ്റൊന്നു ശബ്ദ വ്യത്യാസം പ്രകടമാക്കേണ്ടതിന്റെ പ്രാധാന്യം എന്താണ്? കാരണം എല്ലാ സംഗീതോപകരണങ്ങളും ആസ്വാദനത്തിനു വേണ്ടിയുള്ളതാണ്. ഒരു കാഹളത്തിന് പ്രത്യേക ശബ്ദം പുറപ്പെടുവിക്കുവാൻ കഴിയുന്നില്ലെങ്കിൽ, പട്ടണത്തെ കീഴ്പ്പെടുത്തുമെന്ന ഭീഷണി നേരിടുമ്പോൾ, ജനങ്ങളെ അറിയിക്കാതിരുന്നാൽ **ജനം യുദ്ധത്തിനു തയ്യാറാകുകയില്ല**. കാഹളം പ്രത്യേക ശബ്ദം പുറപ്പെടുവിച്ചില്ലെങ്കിൽ ആളുകൾക്ക് അത് മനസിലാകുന്നതെങ്ങനെ? സമയത്ത് ജനങ്ങൾക്ക് മുന്നറിയിപ്പ് ലഭിച്ചില്ലെങ്കിൽ, പട്ടണവും ജനവും നിശേഷം ഇല്ലാതാകും. അതുപോലെ അന്യഭാഷയിലുള്ള സംസാരം ആളുകൾക്ക് ആവശ്യമായ സന്ദേശം അറിയിക്കുന്നതിനാണ്. ആർക്കും മനസിലാകാത്ത ഭാഷയിൽ സഭയിൽ ആരെങ്കിലും സംസാരിച്ചാൽ, സഭക്ക് അതുകൊണ്ട് ഒരു ഫലവുമില്ല. ആ വാക്കുകൾ മുന്നറിയിക്കുകയോ, നിർദ്ദേശിക്കുകയോ,ഉത്തേജിപ്പിക്കയോ ചെയ്യുന്നില്ല.

**വാക്യം 9.** പൗലൊസ് ചിത്രീകരണങ്ങൾ് ഉപയോഗിച്ചത്, കൊരിന്ത്യയിലെ അന്നത്തെ സാഹചര്യമനുസരിച്ചായിരുന്നു. **നിങ്ങൾ** എന്ന് ഊന്നി പറഞ്ഞിരിക്കുന്നു. "എത്ര, തീർച്ചയായും," അവൻ ചോദിക്കുന്നു, "തെളിവില്ലാത്ത രീതിയിൽ നിങ്ങൾ സംസാരിച്ചാൽ ആർക്കെങ്കിലും മനസിലാകുമോ?" സംസാരിക്കുന്നത് കേൾക്കുന്നവർക്ക് മനസിലാകുന്നില്ലെങ്കിൽ അയാൾ ആരോടുമല്ല സംസാരിക്കുന്നത്. സംസാരിക്കുന്ന സന്ദേശം കേൾക്കുന്നവർക്ക് **അറിയുന്നില്ലെങ്കിൽ** യേശുവിനെ അറിയിക്കുന്നതിൽ എങ്ങനെ വിജയിക്കുമെന്നതാണ് പ്രശ്നം.,സംസാരം എന്നത് ആശയവിനിമയത്തിനുള്ളതാണ്. സംസാരിക്കുന്നവരുടെ വികാരത്തെയല്ല അപ്പൊസ്തലൻ ചിന്തിക്കുന്നത്. മനസിലാകുന്ന ഭാഷയിൽ ഒരാൾക്ക് സന്ദേശം അറിയിക്കുവാൻ കഴിയുന്നില്ലെങ്കിൽ, അത് **കാറ്റിനോട്** സംസാരിക്കുന്നതുപോലെ ആകും. ആരാധനയും പുകഴ്ച്ചയും ആരാധകർക്ക് പ്രാധാന്യമുള്ളതുപോലെ, സംസാരിക്കുന്ന സന്ദേശവും മനസിലാക്കേണ്ടത് അത്യാവശ്യമാണ്.

### പൗലൊസിന്റെ പ്രായോഗികത (14:10-12)

**[10]ലോകത്തിൽ വിവിധ ഭാഷകൾ അനവധിയുണ്ട്, അവയിൽ ഒന്നും**

**തെളിവ് ഇല്ലാത്തതല്ല. [11]ഞാൻ ഭാഷ അറിയാഞ്ഞാൽസംസാരിക്കുന്നവന്ന് ഞാൻ ബർബ്ബരൻ ആയിരിക്കും. സംസാരിക്കുന്നവൻ എനിക്കും ബർബ്ബരൻ ആയിരിക്കും. [12]അവ്വണ്ണം നിങ്ങളും ആത്മ വരങ്ങളെ കുറിച്ച് വാഞ്ഛയുള്ള വരാകയാൽ സഭയുടെ ആത്മിക വർദ്ധനെക്കായി സഫലന്മാർ ആകുവാൻ ശ്രമിപ്പിൻ.**

**വാക്യം 10.** വാക്യങ്ങൾ 1 മുതൽ 9 വരെയുള്ള വാക്യങ്ങളിൽ പൗലൊസ്, γλῶσσα (*ഗ്ലോസാ*, "ഭാഷ") എന്ന വാക്ക് ഏകവചനത്തിലോ അല്ലെങ്കിൽ ബഹുവചനത്തിലോ ആറു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. ആ സംഭവങ്ങളെയെല്ലാം, എൻഏഎസ്ബി തർജിമ ചെയ്തിരിക്കുന്നത് "ഭാഷ," അല്ലെങ്കിൽ "ഭാഷകൾ" എന്നാണ് വാക്യങ്ങൾ 10, 11 ൽ "ഭാഷകൾ" എന്ന് ഉദ്ദേശിച്ചത് എന്താണ് എന്ന് പൗലൊസ് വിശദീകരിക്കുന്നു. സന്ദർഭത്തിൽ γλῶσσαι (*ഗ്ലോസായി*, "ഭാഷകൾ") എന്നതും φωναί (*ഫോണായി*, "ശബ്ദങ്ങൾ" "ഉച്ചാരണങ്ങൾ") സൂചിപ്പിക്കുന്നത് **ഭാഷകളെ** ആണ്. കൊരിന്ത്യയിലുള്ള സഹോദരങ്ങൾ ആത്മാവിനാൽ അത്ഭുതകരമായി ഭാഷകൾ സംസാരിക്കുന്നതിനെ കുറിച്ചായിരുന്നു പൗലൊസിന്റെ ചിന്ത; എന്നാൽ അത് സാധാരണ ഭാഷയായി തിരിച്ചറിയുവാനാണ് അപ്പൊസ്തലൻ ചിത്രീകരണങ്ങൾ നൽകിയിരിക്കുന്നത്. അതായത്, ആളുകൾ ദൈനന്തിന കാര്യങ്ങൾ ആശയവിനിമയത്തിനായി സാധാരണ ഉപയോഗിക്കുന്ന ഭാഷകൾ. **അർത്ഥമില്ലാത്ത ഭാഷ** ഒന്നുമില്ല എന്നതാണ് അപ്പൊസ്തലന്റെ പോയിന്റ്. ചന്ത സ്ഥലത്ത് കച്ചവടക്കാർ ആശയവിനിമയത്തിന് ഉപയോഗിക്കുന്ന അതേ രീതിയിലുള്ള ഭാഷയാണ് സഭായോഗത്തിൽ, ആത്മിയ-വരം ലഭിച്ച ക്രിസ്ത്യാനികളും ഉപയോഗിക്കുന്നത്.

വാക്യം 13 ൽ, അപ്പൊസ്തലൻ "ഭാഷ" യുടെ ഉപയോഗം തിരിച്ചുവിടുകയാണ്, പൗലൊസിന്റെ ചിത്രീകരണം കാരണമാണ് *ഗ്ലോസായി* ("ഭാഷകൾ") യിൽനിന്ന് *ഫോണായി* ("ശബ്ദങ്ങൾ" അല്ലെങ്കിൽ "ഉച്ചാരണങ്ങൾ") യിലേക്ക് മാറിയത്. ഹർഷോന്മാദത്തിന് പൗലൊസ് *ഗ്ലോസിയ* എന്ന വാക്ക് ഉപയോഗിച്ചതായി ചിലർ പറയുന്നതിന് തെളിവില്ല. തിരിച്ചറിയാവുന്ന ഭാഷകളെ പറയുവാനാണ് പൗലൊസ് *ഗ്ലോസിയ* എന്ന വാക്ക് ഉപയോഗിച്ചത്.

**വാക്യം 11.** ഭാഷകൾ ആശയവിനിമയം നടത്തുന്നില്ല എങ്കിൽ, അത് കാറ്റിൽ സഞ്ചരിക്കുന്ന വെറും ശബ്ദ തരംഗങ്ങൾ മാത്രം ആയിരിക്കും. പരിശുദ്ധാത്മ ശ്വാസിയമായി നൽകപ്പെട്ടതായാലും, പഠിച്ച് പരിശീലിച്ചതായാലും ഭാഷ കേൾക്കുന്നവർക്ക് മനസിലായില്ലെങ്കിൽ, ആളുകൾക്ക് തെറ്റിദ്ധാരണ ഉണ്ടാകും. സംസാരിക്കുന്ന ആൾക്ക് കേൾക്കുന്നവരുമായി ബന്ധപ്പെടുവാൻ കഴിയുന്നില്ലെങ്കിൽ, അയാൾ **ബർബ്ബരൻ** ആയിരിക്കും "ബർബ്ബരനെ"-പോലെ ആയിരിക്കുമെന്നല്ല, "ബർബ്ബരൻ തന്നെ" ആയിരിക്കും. പുറത്തുള്ളവരോട് ഉപയോഗിക്കുന്ന വാക്കുകളാലാണ്, ഒരു ഗവൺമെന്റ് ആയാലും, ജനങ്ങളെ കൂട്ടിച്ചേർക്കുന്നത്, ഭാഷകൾ, ആചാരങ്ങൾ എന്നിവയാണ്. അമേരിക്കക്കാർ പുറത്തുള്ളവരെ "അന്യന്മാർ" എന്നാണ് വിളിക്കുന്നത്. ക്രിസ്തുവിന്റെ സമയത്ത് യിസ്രായേൽ അവരെ (הַגּוֹיִם, *ഹാഗോയിം*) "ജാതികൾ" എന്നാണ് വിളിച്ചത്, യെഹൂദന്മാർ അവരെ (τὰ ἔθνη, *റ്റാ എത്നേ*) "ജാതികൾ" ഏന്നും വിളിച്ചിരുന്നു. ഗ്രീക്കുകാർ മനുഷ്യരെ അവരുടെ ഭാഷകളുടെയും ആചാരത്തിന്റേയും അടിസ്ഥാനത്തിൽ രണ്ടായി തരം തിരിച്ചിരുന്നു. ഉദാഹരണമായി ഗ്രീക്ക് സംസാരിക്കുന്നവരെ "ഗ്രീക്കുകാർ" എന്നും "ബാർ-ബാർ-ബാർ"

എന്ന ശബ്ദം പുറപ്പെടുവിക്കുന്നവരെ ബാർബേറിയൻ എന്നുമാണ് അത്. അത്തരം ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നവരെ ഗ്രീക്കുകാർ “ബാർബേറിയൻ” (βάρβαρος, *ബാർബറോസ്*) എന്നു വിളിച്ചു. അന്യഭാഷയിൽ സംസാരിക്കുന്നത് കേൾക്കുന്നവർക്ക് മനസിലാകുന്നില്ലെങ്കിൽ, സംസാരിക്കുന്നവൻ കേൾക്കുന്നർക്ക് ബാർബേറിയൻ ആയിരിക്കും.

**വാക്യം 12**. വീണ്ടും, പൗലൊസ് **നിങ്ങൾ** എന്ന സർവ്വനാമത്തെ അടിവരയിട്ട് പറഞ്ഞിരിക്കുന്നു. അപ്പോഴത്തെ സാഹചര്യമെല്ലാം ബന്ധപ്പെടുത്തിയാണ് അപ്പൊസ്തലൻ പറയുന്നത്. സന്ദർഭം അനുസരിച്ച് ഗ്രീക്ക് വാക്ക് ζηλωταί (സിലോറ്റായി) അർത്ഥം, “എരിവുള്ള ആളുകൾ” അല്ലെങ്കിൽ “അസൂയയുള്ള ആളുകൾ” എന്നാണ്. **ആത്മിയ വരങ്ങളെ കുറിച്ച് എരിവുള്ള നിങ്ങൾ** എന്ന് അപ്പൊസ്തലൻ രൂക്ഷ പരിഹാസത്തിലാണ് വ്യക്തമാക്കുന്നത്. അത് എന്തായാലും, ആത്മിയ വരങ്ങളുടെ ക്രിയാത്മക ഗുണങ്ങളെ അപ്പൊസ്തലൻ ഊന്നി പറഞ്ഞിരിക്കുകയാണ്. കർത്താവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയോട് ബന്ധപ്പെട്ട ക്രിസ്ത്യാനികളുടെ സേവനത്തിനായി നൽകിയതാണ് അത്ഭുതകരമായ കഴിവുകൾ, ആത്മിയവരങ്ങൾ സഭയുടെ പ്രയോജനത്തിനായി നൽകിയതാണ്. സഭക്ക് പ്രയോജനം ലഭിക്കുമ്പോൾ, എല്ലാവരും അനുഗ്രഹിക്കപ്പെടും. ആത്മിയ വരങ്ങൾ വ്യക്തിപരമായ-ഗുണത്തിന് ഉപയോഗിക്കാതെ സഭയുടെ ആത്മിക വർദ്ധനവിനാണ് ഉപയോഗിക്കേണ്ടത്.

### സഭയുടെ ആത്മിക വർദ്ധന (14:13-19)

അന്യഭാഷയും പ്രവചനവും അപ്പൊസ്തലൻ താരതമ്യം ചെയ്തപ്പോൾ, ഒരു വരം സഭയുടെ ആത്മിക വർദ്ധനവിനും, മറ്റൊന്ന് വ്യാഖ്യാനിക്കുന്നില്ലെങ്കിൽ അത് സഭക്ക് ഗുണം ചെയ്യുകയില്ല എന്നുമാണ് പറഞ്ഞത്. “സഭക്ക് ആത്മിക വർദ്ധന വരുത്തുമ്പോഴാണ് സഫല[ന്മാർ] ആകുന്നത്” (14:12). മനോഹരമായ ആത്മിയ വരങ്ങൾ ദൈവ നാമ മഹത്വത്തിനും, സഭയുടെ ഉയർച്ചക്കും ഉതകുന്നില്ലെങ്കിൽ അത് വിലയില്ലാത്തതായിരിക്കും. സന്ദേശം മനസിലാകുന്ന വിധത്തിൽ ആശയവിനിമയം നടത്തിയാൽ മാത്രമെ ആത്മിക വർദ്ധന വരുത്തുകയുള്ളു. പരിശുദ്ധാത്മ ശക്തിയാൽ കൊരിന്ത്യയിലെ സഹോദരന്മാർ ആത്മിയ വരങ്ങളെ പ്രത്യേകിച്ച്, അന്യഭാഷയിൽ സംസാരിച്ചത് ഒരു തെളിവായ ഭാഷ തന്നെയായിരുന്നു. എന്നാൽ ആ ആത്മിയ വരങ്ങളെ സ്വാർത്ഥതക്കായി-ഉപയോഗിച്ചാൽ സഭക്ക് ഒരു ഗുണവും ലഭിക്കുകയില്ല.

സ്വാഭാവികമായ അർത്ഥമുള്ള ആത്മിക പ്രദ്രർശനമായിരിക്കണം അന്യഭാഷക്കാരൻ നടത്തേണ്ടത്. കൊരിന്ത്യയിൽ ആളുകൾ അന്യഭാഷയിൽ സംസാരിക്കുന്നത് അവർ വ്യാഖ്യാനിക്കേണമായിരുന്നു. വ്യാഖ്യാനിക്കുന്നില്ലെങ്കിൽ, വ്യക്തികളുടെ പ്രയോജനത്തിന് ഉതകുകയാണെങ്കിൽ പോലും. സഭക്ക് ഒരു ഗുണവും ചെയ്യുന്നില്ല. മാത്രമല്ല, സഭായോഗത്തിൽ വരുന്ന മറ്റുള്ളവർക്കും, അക്രൈസ്തവർക്കും അത് തെറ്റിദ്ധാരണക്ക് കാരണമാകും.

**13അതുകൊണ്ട്, അന്യഭാഷയിൽ സംസാരിക്കുന്നവൻ വ്യാഖ്യാനവരത്തിനായി പ്രാർത്ഥിക്കട്ടെ. 14ഞാൻ അന്യഭാഷയിൽ പ്രാർത്ഥിക്കുന്നു എങ്കിൽ എന്റെ ആത്മാവ് പ്രാർത്ഥിക്കുന്നു. എന്റെ ബുദ്ധിയോ അഫലമായിരിക്കുന്നു. 15ആകയാൽ എന്ത്? ഞാൻ ആത്മാവ് കൊണ്ടു പ്രാർത്ഥിക്കും; ബുദ്ധികൊണ്ടും പ്രാർത്ഥിക്കും; ആത്മാവ് കൊണ്ടു പാടും, ബുദ്ധികൊണ്ടും**

**പാടും. [16]അല്ല, നീ ആത്മാവ് കൊണ്ടു സ്തോത്രം ചെയ്താൽ ആത്മാവില്ലാത്തവൻ നീ പറയുന്നത് തിരിയാതിരിക്കെ നിന്റെ സ്തോത്രത്തിന് എങ്ങനെ ആമേൻ പറയും? [17]നീ നന്നായി സ്തോത്രം ചെയ്യുന്നു സത്യം, മറ്റെവന്ന് ആത്മിക വർദ്ധന വരുന്നില്ല താനും. [18]നിങ്ങളെല്ലാവരിലും അധികം അന്യഭാഷകളിൽ സംസാരിക്കുന്നതുകൊണ്ട് ഞാൻ ദൈവത്തെ സ്തുതിക്കുന്നു. [19]എങ്കിലും, സഭയിൽ പതിനായിരം വാക്ക് അന്യഭാഷയിൽ സംസാരിക്കുന്നതിനേക്കാൾ അധികം മറ്റുള്ളവരേയും പഠിപ്പിക്കേണ്ടതിന്ന് ബുദ്ധികൊണ്ട് അഞ്ചു വാക്ക് പറവാൻ ഞാൻ ഇച്ഛിക്കുന്നു.**

**വാക്യം 13.** ഒരു വ്യക്തിക്ക് ഒന്നിലധികം വരങ്ങൾ ലഭിച്ചാൽ അത് ആ വ്യക്തിക്ക് അവ പ്രത്യേക അനുഗ്രഹമാണ്. ആത്മാവിനോൽ അത്ഭുതകരമായി സംസാരിക്കുവാൻ കഴിവു ലഭിച്ചവർ അത് വ്യാഖ്യാനിക്കുവാനായി വ്യാഖ്യാന വരത്തിനായി പ്രാർത്ഥിക്കട്ടെ എന്നാണ് പൗലൊസ് പറഞ്ഞത്. വ്യാഖ്യാനീച്ചാൽ മാത്രമെ കേൾക്കുന്നവർക്ക് സന്ദേശം മനസിലാകയുള്ളു. ഒരു **ഭാഷയിൽ സംസാരിക്കുന്നത്** അർത്ഥവത്തായിരിക്കും, അപ്രകാരമുള്ള വരം ലഭിച്ച് വ്യക്തി **വ്യാഖ്യാന വരത്തിനായും പ്രാർത്ഥിക്കണം**. അന്യഭാഷയിൽ സംസാരിക്കുന്ന സന്ദേശം തെളിവുള്ളതായിരിക്കയും, അത് വ്യാഖ്യാന വരം ലഭിച്ചവർ വ്യക്തമാക്കുകയും ചെയ്യുമ്പോഴാണ് കേൾക്കുന്നവർക്ക് പ്രയോജനം ലഭിക്കുന്നത്. ഹർഷോന്മാദ ശബ്ദങ്ങളെ കുറിച്ചല്ല ഇവിടെ പറയുന്നത്, കാരണം അതിനു വ്യാഖ്യാനത്തിന്റെ ആവശ്യമേ വരുന്നില്ല. കൊരിന്ത്യർക്ക് മനസിലാക്കുവാൻ കഴിയുന്ന അന്യഭാഷയെ ആണ് അപ്പൊസ്തലൻ നിയന്ത്രിക്കണമെന്ന് പറയുന്നത്.

**വാക്യം 14.** തന്റെ വായനക്കാർക്ക് ഇപ്പോൾ കൂടുതൽ മനസിലാക്കുവാന് അവൻ ഒന്നാം വ്യക്തി സർവ്വനാമത്തിലേക്ക് തിരിയുന്നു. ഒരാൾ അന്യഭാഷയിൽ പ്രാർത്ഥിക്കുമ്പോൾ, അത് മനസിലാകുന്നില്ലെങ്കിൽ, ആശയവിനിമയമോ, പുകഴ്ച്ചയോ, പ്രബോധനമോ നടക്കുന്നില്ല. ചുരുങ്ങിയത്, സഭായോഗം കൂടുമ്പോൾ, അത് സഭക്ക് പ്രയോജനപ്പെടുന്നില്ല. അത്ഭുതകരമായി സംസാരിക്കുന്ന ആൾ അതെന്താണെന്ന് അറിയുന്നത് ദൈവാത്മാവ് അയാളുടെ **ആത്മാവോട്** സംസാരിക്കുന്നതിനാലാണ്. അതിന്റെ അർത്ഥം ആർക്കും മനസിലാകുന്നില്ലെങ്കിൽ കേൾവിക്കാർക്ക് യാതൊരു ഫലവും അതിൽനിന്നു ലഭിക്കുന്നില്ല. പ്രാർത്ഥിക്കുന്ന വ്യക്തി "ആത്മിയമായി" പ്രാർത്ഥിക്കുകയാണെങ്കിൽ, ഒരുപക്ഷെ അയാളുടെ ആത്മാവിന് ഗുണം ചെയ്തേക്കാം. ആത്മാർത്ഥമായ വിശ്വാസത്താൽ, ആത്മാവ് വാക്കുകളെ ദൈവത്തിലേക്ക് പകരുന്നു, പക്ഷെ അതിന് മറ്റാർക്കും ആത്മികവർദ്ധനയോ, ഫലമോ വരുന്നില്ല.

വിശ്വാസിയുടെ **മനസിൽ** നിന്നും ഉയരുന്ന പ്രാർത്ഥന ഫലവത്താകുവാനാണ് അപ്പൊസ്തലൻ ആഗ്രഹിക്കുന്നത്. പ്രാർത്ഥിക്കുന്ന ആൾ പരിമിതമായ അർത്ഥത്തിൽ പ്രാർത്ഥിച്ച് ഫലം പുറപ്പെടുവിക്കുമ്പോൾ, ആ വ്യക്തിക്കു പുറമെയും ഫലവത്താകും. കേൾക്കുന്നവർക്ക് മനസിലാകാത്ത ഭാഷയിൽ പ്രാർത്ഥിച്ചാൽ അത് മറ്റുള്ളവർക്ക് സഫലന്മാർ ആകുവാൻ കഴിയാത്തതിനെയാണ് അപ്പൊസ്തലൻ ബോധ്യമാക്കുന്നത്. തൽഫലമായി "കേൾക്കുന്നവർക്ക്" അത് "ഫലമില്ലാതാകും." അങ്ങനെ വരുമ്പോൾ, കേൾവിക്കാർക്ക് "ആമേൻ" പറയുവാനും സാധ്യമല്ല (14:16). മനസിലാകാത്ത പ്രാർത്ഥനയാണെങ്കിൽ, അതിലെ വാക്കുകളോട് കൂട്ടിച്ചേർക്കുവാനും കഴിയുകയില്ല. സഭായോ

ഗത്തിലെ നമസ്ക്കാരം വ്യക്തിപരമല്ല, സാമൂഹ്യമായ ഒന്നാണ് എന്നതാണ് പൗലൊസിന്റെ പോയിന്റ്.

**വാക്യം 15.** ഇപ്പോഴും ഒന്നാം വ്യക്തിയിൽ തന്നെ നിന്ന്, മനസിലാക്കലിന്റെ പ്രാധാന്യത്തെയാണ് അപ്പൊസ്തലൻ ഊന്നി പറയുന്നത്. വരം ദൈവത്തെ മഹത്വപ്പെടുത്തുകയാണെങ്കിൽ, അത് ഏതു വരമാണെങ്കിലും, മനസിലാകുന്നതായിരിക്കണം. ക്രിസ്ത്യാനികളുടെ ഒരു പ്രതിനിധിയായിട്ടാണ് പൗലൊസ് **ഞാൻ പ്രാർത്ഥിക്കും** (προσεύξομαι, *പ്രൊസേക്സോമായി*), **ഞാൻ പാടും** (ψαλῶ, *സാലോ*) എന്നു പറയുന്നത്. അത്തരം പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ **ആത്മാവും മനസും** അതിൽ ഉൾപ്പെടുന്നു. വൈകാരിക തീവ്രതയും മനസിലാക്കലും പ്രത്യേകമായി വരുന്നില്ല. കൊരിന്ത്യയിൽ അവർ വൈകാരിക ഇളക്കം പ്രതീക്ഷിച്ചുവെന്നു തോന്നുന്നു. അത്തരം ഒരു സ്ഥിതിവിശേഷം അപകടകരമായിരിക്കുമെന്ന് പൗലൊസ് സൗമ്യമായി വ്യക്തമാക്കി. സഭായോഗത്തിൽ നടക്കുന്നതെല്ലാം എല്ലാവർക്കും മനസിലാകുന്ന വിധത്തിലായിരിക്കണമെന്ന് അപ്പൊസ്തലൻ പറഞ്ഞു.

യാചന, പുകഴ്ച്ച, സ്തോത്രം എന്നിവ ഉൾപ്പെടുന്നതാണ് ബൈബിളിലെ പാട്ടുകൾ. യിസ്രായേലിന്റെ സങ്കീർത്തനങ്ങളിലും, ലൂക്കൊസ് 1:46–55, 67–79 ൽ മറിയയുടേയും സെഖര്യാവിന്റെയും പാട്ടുകളിൽ അതു കാണാം. കൊരിന്ത്യയിലെ പാട്ടുകളും മറ്റൊരു വിധത്തിൽ ആയിരിക്കുവാൻ സാധ്യതയില്ല. കൊരിന്ത്യയിലെ അന്യഭാഷ മനസിലായാൽ മാത്രമെ പൗലൊസിന്റെ പ്രബോധനം അവർക്ക് പ്രയോജനപ്പെടുകയുള്ളു. പ്രാർത്ഥനയാലും, അന്യഭാഷയാലും, വ്യാഖ്യാനിക്കുവാൻ പറഞ്ഞതിന്റെ കാരണം മറ്റുള്ളവർക്ക് മനസിലാകുവാനാണ്. അല്ലാതെ വൈകാരികമായ തീവ്രതയെയല്ല പൗലൊസ് വ്യാഖ്യാനിക്കുവാൻ ആവശ്യപ്പെട്ടത്.

**വാക്യം 16.** അന്യദേവന്മാരെ സേവിച്ചിരുന്നവർ അവരുടെ അന്യഭാഷയിൽനിന്നു പ്രതീക്ഷിച്ചതുപോലെ ആയിരുന്നില്ല അപ്പൊസ്തലനായ പൗലൊസിന്റെ പ്രതീക്ഷ. സമൂഹത്തിന് പ്രബോധനമോ, അല്ലെങ്കിൽ സംസാരം കഴിയുമ്പോൾ **ആമേൻ** പറയുമെന്നോ അവർ ആരും പ്രതീക്ഷിക്കുന്നില്ല (14:4). ശരീരത്തിന്റെ ഉയർച്ചക്കായി അന്യഭാഷ തർജിമ ചെയ്യുവാനായിരുന്നു പൗലൊസ് കൊരിന്ത്യ സഭയോട് ആവശ്യപ്പെട്ടത്.

അന്യ ദേവന്മാരെ നമസ്ക്കരിക്കുന്നവരുടെ അന്യഭാഷ തർജിമ ചെയ്യുകയോ, അല്ലെങ്കിൽ ഒരു ഭാഷയിൽ നിന്നു മറ്റൊന്നിലേക്ക് ഭാഷാന്തരം ചെയ്യുകയോ ഇല്ല. അരുളപ്പാടുകളായി നൽകുന്ന സന്ദേശം ഭാവിയെ കുറിച്ചുള്ള പ്രവചനം ആയിരിക്കും, അല്ലാതെ ഒരു കൂട്ടം വിശ്വാസികളെ ഉത്തേജിപ്പിക്കുന്നതിനുള്ളതല്ല. ജാതികളുടെയിടയിൽ നടക്കുന്ന ഇത്തരം അന്യഭാഷ വൈകാരികവും ഉന്മാദപ്രദവുമായിരിക്കും. അത് വ്യാഖ്യാനിക്കുകയോ തർജിമ ചെയ്യുകയോ ഇല്ല. അന്യദേവന്മാരെ സേവിക്കുന്നവരുടെ പരിശീലനം കൊരിന്ത്യ സഭയിൽ നടന്നു എന്നല്ല അപ്പൊസ്തലൻ പറയുന്നത്. കൊരിന്ത്യയിലെ സഭായോഗത്തിൽ പരിശീലിച്ചത് വ്യത്യസ്തമായ ഒന്നായിരുന്നു. ദൈവാത്മാവ് നൽകിയ ശക്തിയാലായിരുന്നു ക്രിസ്ത്യാനികൾ മറ്റുള്ളവർക്ക് മനസിലാകുന്ന ഭാഷയിൽ ദൈവിക സന്ദേശം അറിയിച്ചത്. അത് സഭയുടെ ഉത്തേജനത്തിനും അഭ്യുന്നതിക്കും ആയിരുന്നു.

ആത്മാവിന്റെ സ്വാധീനത്താൽ, മറ്റൊരു ഭാഷയിൽ അത്ഭുതകരമായി സംസാരിക്കുവാൻ ക്രിസ്ത്യാനികൾക്ക് ദൈവം പ്രാപ്തി നൽകി, എന്നാൽ

അത് ചിലർക്ക് തിരിച്ചറിയുവാൻ കഴിഞ്ഞില്ല. എൻഏഎസ്ബിയിൽ ആ വാക്ക് ἰδιώτης (*ഇഡിയോടസ്*) തർജിമ ചെയ്തിരിക്കുന്നത് "വരമില്ലാത്ത" എന്നാണ്. ഒരുപക്ഷെ നല്ല തർജിമയായി കണക്കാക്കാവുന്നത്, "പ്രാഗത്ഭ്യമില്ലാത്ത," അല്ലെങ്കിൽ "മുൻകരുതലില്ലാത്ത" എന്നിവയാണ്. ആ വാക്ക് 1 കൊരിന്ത്യർ 14:16, 23, 24 ൽ കാണാം. അതിലുപരിയായി, മറ്റു രണ്ട് വേദഭാഗങ്ങളിൽ കൂടെ പുതിയ നിയമത്തിൽ ആ വാക്ക് കാണാം (പ്രവൃ. 4:13; 2 കൊ. 11:6). എല്ലാ സന്ദർഭത്തിലും പരിശീലനം ലഭിക്കാത്തവരെ ഉദ്ദേശിച്ചാണ് ആ വാക്ക് പറഞ്ഞിരിക്കുന്നത്. പ്രവൃത്തികൾ 4:13 ൽ പത്രൊസിനെയും യോഹന്നാനെയും "പഠിപ്പില്ലാത്തവർ" എന്നാണ് പറഞ്ഞത്; അതായത്, ന്യായപ്രമാണം വ്യാഖ്യാനിച്ചു കൊടുപ്പാൻ അവർ വിദ്യാഭ്യാസം ഇല്ലാത്തവർ എന്നാണ് യെഹൂദന്മാർ വിചാരിച്ചത്. താൻ "വാക് ചാതുര്യമില്ലാത്ത" പ്രാസംഗികനാണെന്ന് ചിലർ ധരിച്ചിരുന്നതായി പൗലൊസ് 2 കൊരിന്ത്യർ 11:6 ൽ പറഞ്ഞിരിക്കുന്നു.

ഒരു ക്രിസ്ത്യാനി സഭായോഗത്തിൽ അന്യഭാഷയിൽ സംസാരിക്കുന്നു എങ്കിൽ, സംഭവിക്കുന്നത് മനസിലാകണം എന്നാൽ 1 കൊരിന്ത്യർ 14 ൽ പൗലൊസ് പറയുന്നത്. പരിശീലനം ലഭിക്കാത്തവരാണെങ്കിൽ മനസിലാക്കുവാൻ കഴിയുകയില്ല. അത്തരം ഒരാൾ അവിശ്വാസിയോ, അടുത്തു നിൽക്കുന്ന ഉപജാപകനോ ആയിരിക്കാം. അയാൾ താൽപര്യമുള്ള വിശ്വാസിയുടെ സ്ഥാനത്ത് നിൽ[ക്കുന്നു]–പക്ഷെ വിശ്വാസിയെ പോലെ അല്ല താനും–അതേ സമയം പൂർണ്ണ അവിശ്വാസിയുമല്ല. ആത്മിയ വരം ലഭിച്ച ക്രിസ്ത്യാനി അന്യഭാഷയിൽ സംസാരിക്കുന്ന, പ്രാസംഗികനോട് യോജിക്കുവാനോ വിയോജിക്കുവാനോ സാധ്യമല്ല. അക്കാരണത്താൽ അവരെ *ഇഡിയോടെസ്* എന്നു പറയും; അതായത്, കേട്ടത് വിലയിരുത്തുവാൻ കഴിയാതെ അതിന്റെ അവസാനം "ആമേൻ" പറയുവാനും കഴിയുന്നില്ല. എന്തു **സ്തോത്രമാണ്** അഥവാ പുകഴ്ച്ചയാണോ അർപ്പിച്ചത് എന്ന് അറിയുവാനും പറ്റുന്നില്ല. പൗലൊസിന്റെ സുവിശേഷ ജ്വാല ഉപരിതലത്തിൽ നിൽക്കുന്നു. അവന്റെ കാഴ്ച്ചപ്പാടിൽ "അടുത്ത് നിൽക്കുന്ന ആൾ ആരാധനയിൽ വളരെ പ്രാധാന്യമുള്ള വ്യക്തി ആണ്"[6] (1 കൊ 14:23 നോക്കുക). ആ വ്യക്തിക്ക് സന്ദേശം മനസിലാകുന്നില്ലെങ്കിൽ–എത്ര അത്ഭുതകരമായി–അവതരിപ്പിച്ചാലും–അർത്ഥശൂന്യമായിരിക്കും.

**വാക്യം 17.** ആത്മാവിന്റെ സ്വാധീനത്താൽ ഒരാൾക്ക് പ്രാർത്ഥയും, അനുഗ്രഹവും സ്തുതിയും അർപ്പിക്കുവാൻ കഴിയും. അന്യഭാഷയിൽ സംസാരിക്കുന്ന ആൾ തന്റെ വാക്കുകൾ മനസിലാക്കി, സഭയെ പണിയുന്നതിന് അർത്ഥവത്തായ വാക്കുകളായിരിക്കും ഉപയോഗിക്കുക. താൽപര്യത്തോടെ അടുത്തു നിൽക്കുന്ന ആൾ, ഇഡിയോടെസിന് കേൾക്കുന്നത് മനസിലാകുന്നില്ലെങ്കിൽ, അയാൾക്ക് **ആത്മിക വർദ്ധന** വരുത്തുന്നില്ല. ഈ സാഹചര്യത്തിൽ അന്യഭാഷയിൽ സംസാരിക്കുന്ന ഭാഷ മനസിലാകണം; ഇല്ലെങ്കിൽ അക്രൈസ്തവരുടെ അടുക്കലേക്ക് സുവിശേഷ സന്ദേശവുമായി പോകുന്നതിന് അതു തടസമായിരിക്കും.

**വാക്യം 18.** ആത്മിയ വരങ്ങൾ ഉപയോഗിക്കുന്നതിൽ, വിശേഷിച്ച് അന്യഭാഷയിലുള്ള സംസാരം, അസൂയയിൽനിന്നും ഉളവാകുന്നതല്ല എന്ന് അപ്പൊസ്തലൻ കൊരിന്ത്യരെ ബോധ്യമാക്കി കൊടുക്കുകയാണ്. അത് അയാൾക്ക് ആത്മമിയ വരം ലഭിക്കാതിരിക്കുന്നതുപോലെ ആയിരിക്കും. മറ്റു സഹോദരന്മാരേക്കാൾ സ്വാതന്ത്ര്യത്തോടെ അയാൾ അത്ഭുതകരമായി സംസാരിക്കുവാൻ ഭാഷ തിരഞ്ഞെടുക്കുന്നു. സാഹചര്യം അനുസരിച്ച് അപ്പൊസ്തലൻ

ഏതു ഭാഷയിലും സംസാരിക്കുവാൻ കഴിയുമായിരുന്നു. പക്ഷെ, അതിൽന ിന്നു വ്യത്യസ്തമായി അവന്റെ വായനക്കാർക്ക് ഒന്നോ രണ്ടോ ഭാഷകൾ മാത്രമെ സ്സാരിക്കുവാൻ കഴിഞ്ഞിരുന്നുള്ളു. **എല്ലാവരേക്കാളും അധികം എനിക്ക് അന്യഭാഷകളിൽ സംസാരിക്കുവാൻ കഴിയും** എന്ന് അപ്പൊസ്ത ലനു പറയുവാൻ കഴിയുമായിരുന്നു. അവന് അടിക്കടി അന്യഭാഷകളിൽ സംസാരിക്കാമായിരുന്നു. എന്നാൽ ഭാഷകളെ ഉപയോഗിക്കുന്നതിനു പരിശു ദ്ധാത്മ നിയന്ത്രണം ഉണ്ടായിരുന്നു.

**വാക്യം 19.** അന്യഭാഷയെ കുറിച്ചും പ്രവചനത്തെ കുറിച്ചും ചർച്ച ചെയ്യു വാനിടയായ സാഹചര്യം, സഭയിലെ പെരുമാറ്റത്തെ അതു ബാധിച്ചതായിരുന്നു (14:28 നോക്കുക). 1 കൊരിന്ത്യർ 11:18; 14:19, 28, 35 ൽ മാത്രമാണ് പൗലൊസ് ἐν ἐκκλησίᾳ (*എൻ എക്ലേസിയ*, അക്ഷരികമായി "സഭയിൽ") എന്ന വാക്ക് ഉപയോഗിച്ചത്. ἐκκλησία (*എക്ലേസിയ*) എന്ന വാക്കിന്റെ അർത്ഥം )"സഭാ യോഗം" എന്നാണ്. സന്ദർഭം നോക്കിയാൽ ക്രിസ്ത്യാനികൾ ഒത്തൊരുമിച്ച് കൂടുന്നതിനെ സൂചിപ്പിക്കുവാൻ പൗലൊസ് ഉപയോഗിച്ച വാക്ക് ഇതാണ്.[7] ഭാഷയുടെ പുറത്തുള്ള ഉപയോഗവും ആരാധനക്ക് വരുമ്പോൾ, ക്രിസ്ത്യാ നികൾ ഭാഷയെ ഉപയോഗിക്കുന്നതും തമ്മിലുള്ള അന്തരം അപൊസ്തലൻ മനസിലാക്കി കൊടുക്കുകയാണെന്നു തോന്നുന്നു.

സംസാരിക്കുന്ന ആൾ സാധാരണ ഭാഷ പഠിക്കാതെ അത്ഭുതകരമായി സംസാരിക്കുവാനുള്ള കഴിവായിരുന്നു പുതിയ നിയമത്തിലെ അന്യഭാഷ. പര സ്യമായി ആളുകൾ കൂടിവന്ന സമയത്ത് ഇതല്ലാതെ ആശയവിനിമയം നടത്തു വാന് മറ്റു മാർഗം ഇല്ലാത്ത സമയമായിരുന്നു അത് (14:22). അത്തരം പരസ്യ സ്ഥലങ്ങളിൽ അപ്പൊസ്തലൻ തന്റെ വരം ഉപയോഗിച്ചിരുന്നു; പക്ഷെ അത് സഭയിൽ പ്രത്യേക സാഹചര്യങ്ങളിൽ മാത്രം സംസാരിച്ചു. "സഭ" ഉത്തേജി പ്പിക്കുവാനും, പ്രബോധിപ്പിക്കുവാനും, അന്യോന്യം പഠിപ്പിക്കുന്നതിനും ഉള്ള സ്ഥാപനമാണ്, അല്ലാതെ ആത്മിയ വരങ്ങളുടെ മികവ് കാണിക്കുന്നതിനോ, മൽസരിക്കുന്നതിനോ ഉള്ള സ്ഥാനമല്ല സഭ. അന്യഭാഷയായാലും, അത് ഉപ യോഗിക്കുമ്പോൾ പൊതു പ്രയോജനം സംഭവിക്കണം. അക്കാരണത്താലാണ് അപ്പൊസ്തലൻ പറയുന്നത്, "സഭയിൽ" പതിനായിരം വാക്ക് അന്യഭാഷയിൽ പറയുന്നതിനേക്കാൾ  അഞ്ചു വാക്ക് ബുദ്ധികൊണ്ട് പറയുവാൻ ആഗ്രഹി ക്കുന്നു. എത്ര പേർ അങ്ങനെ സംസാരിക്കണമെന്നോ, അല്ലെങ്കിൽ പറയുന്ന വാക്കുകളുടെ എണ്ണം പ്രാധാന്യമുള്ളതാണെന്നോ അല്ല അപൊസ്തലൻ പറയുന്നത്, മറിച്ച് ബുദ്ധിയില്ലാത്തതും ബുദ്ധിയുള്ളതും തമ്മിലുള്ള വ്യത്യാസം ആണ് പൗലൊസ് എടുത്ത് കാണിക്കുന്നത്.

## നമസ്കാരവും സമൂഹവും-ബോധവും
## (14:20-25)

**[20]സഹോദരന്മാരേ, ബുദ്ധിയിൽ കുഞ്ഞുങ്ങൾ ആകരുത്, തിന്മക്ക് ശിശു ക്കൾ ആയിരിപ്പിൻ. ബുദ്ധിയിൽ മുതിർന്നവർ ആകുവിൻ. [21]അന്യഭാഷക ളാലും അന്യന്മാരുടെ അധരങ്ങളാലും ഞാൻ ഈ ജനത്തോട് സംസാരിക്കും എങ്കിലും അവർ എന്റെ വാക്ക് കേൾക്കുകയില്ല എന്നു കർത്താവ് അരുളി ച്ചെയ്യുന്നു എന്നു ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നു. [22]അതുകൊണ്ട് അന്യഭാഷകൾ അടയാളമായിരിക്കുന്നത് വിശ്വാസികൾക്കല്ല, അവിശ്വാസി**

**കൾക്കത്രെ. പ്രവചനമോ അവിശ്വാസികൾക്കല്ല, വിശ്വാസികൾക്കു തന്നെ. [23]സഭ ഒക്കെയും ഒരുമിച്ച് കൂടി എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുന്നു എങ്കിൽ, ആത്മവരമില്ലാത്തവരോ, അവിശ്വാസികളോ അകത്തു വന്നാൽ, നിങ്ങൾക്ക് ഭ്രാന്തുണ്ട് എന്നു പറകയില്ലയോ? [24]എല്ലാവരും പ്രവചിക്കുന്നു എങ്കിലോ അവിശ്വാസിയോ ആത്മവരമില്ലാത്തവനോ അകത്തു വന്നാൽ എല്ലാവരുടെ വാക്കിനാലും അവന് പാപബോധം വരും; അവൻ എല്ലാവരാലും വിവചിക്കപ്പെടും. [25]അവന്റെ ഹൃദയരഹസ്യങ്ങളും വെളിപ്പെട്ടു വരും, അങ്ങനെ അവൻ കവിണ്ണു വീണ് ദൈവം വാസ്തവമായി നിങ്ങളുടെ ഇടയിൽ ഉണ്ട് എന്നു പറഞ്ഞു ദൈവത്തെ നമസ്ക്കരിക്കും.**

കൊരിന്ത്യയിൽ, മറ്റു കാര്യങ്ങളോടൊപ്പം, ആത്മിയ വരങ്ങളുടെ ഉപയോഗവും ഭിന്നതയുളവാക്കി. കൊരിന്ത്യയിലെ ചില സങ്കീർണ്ണമായ പഠനത്തിന് കൂടുതൽ ഊന്നൽ കൊടുത്തു എന്നു തോന്നുന്നു (1:26, 27; 4:8 നോക്കുക). കുറച്ചു മാത്രം ഉള്ളവരിൽനിന്നു ധനവാന്മാർ കൂട്ടായ്മ ഭക്ഷണത്തിൽ നിന്ന് അകന്നിരുന്നു ഭക്ഷിച്ചു വന്നു. വിവിധ ഭാഷകളിൽ അംഗങ്ങൾ സംസാരിക്കുവാനും പ്രവചിക്കുവാനും തുടങ്ങിയപ്പോൾ, സങ്കീർണ്ണത വർദ്ധിക്കുകയായിരുന്നു. അവരുടെ പരിശീലനത്തെയും മനോഭാവത്തെയുമാണ് തിരുത്തുവാൻ ശ്രമിച്ചത്. സഭായോഗത്തിൽ ക്രമക്കേട് നടന്നതിനെ ക്രമപ്പെടുത്തുവാനാണ് അപ്പൊസ്തലൻ ശ്രമിച്ചത്. അംഗങ്ങൾ സഭയിൽ അന്യോന്യം സഹകരിച്ച് കർത്താവിലുള്ള നിർദ്ദേശങ്ങൾ അനുസരിച്ചാൽ മാത്രമെ ക്രിസ്ത്യാനികൾക്ക് വളരുവാൻ കഴിയു.

വ്യക്തിപരമായി ഓരോരുത്തർക്കും സഭയായി മൊത്തത്തിലും ആരാധന ആത്മിയ വളർച്ചക്കും ദൈവത്തെ പ്രസാദിപ്പിക്കുന്നതിനും ആവശ്യമാണ്. ആത്മിയ പക്വതയിലുള്ളതായിരുന്നു പൗലൊസിന്റെ പ്രബോധനം. ശരീരമായ സഭയുടെ ആവശ്യങ്ങളിൽ വ്യക്തികളുടെ അജണ്ട വരുവാൻ പാടില്ല.

**വാക്യം 20.** [അവരുടെ] **ചിന്തയിൽ** ക്രിസ്ത്യാനികൾ **ശിശുക്കൾ** ആകരുത് എന്നതായിരുന്നു പൗലൊസിന്റെ നിർദ്ദേശം. പുതിയ നിയമത്തിൽ ക്രിയാത്മകവും നിഷേധവുമായ ഉദാഹരണങ്ങൾക്ക് ശിശുക്കൾ എന്ന വാക്ക് ഇപയോഗിച്ചിരിക്കുന്നത് കാണാം. സ്വർഗരാജ്യത്തിന്റെ മാഹാത്മ്യത്തെ കുറിച്ച് ശിഷ്യന്മാർ കർത്താവിനോട് ചോദിച്ചപ്പോൾ, അവൻ ഒരു ശിശുവിനെ അവരുടെ നടുവിൽ നിർത്തിയിട്ട് പറഞ്ഞു, "നിങ്ങൾ തിരിഞ്ഞ് ശിശുക്കളെ പോലെ ആയ് വരുന്നില്ല എങ്കിൽ സ്വർഗരാജ്യത്തിൽ കടക്കയില്ല" (മത്താ. 18:1–4). ശിശുക്കളുടെ ചില സ്വഭാവങ്ങൾ ക്രിസ്ത്യാനികൾക്ക് അനുകരിക്കാവുന്നതാണ് മറ്റുള്ളവ അങ്ങനെയല്ല.

ആധുനിക ഇംഗ്ലീഷിൽ, "ശിശുക്കളെ പോലെ," "ബാലിശം" എന്നീ വാക്കുകൾ വ്യത്യസ്ത അർത്ഥത്തിലാണ് പരിഗണിച്ചിരിക്കുന്നത്. കൊരിന്ത്യയിലെ ക്രിസ്ത്യാനികളിൽ ചിലര് തങ്ങളുടെ ചിന്തയിലും സ്വഭാവത്തിലും ശിശുക്കളെ പോലെ ആയിരുന്നു. അവർ ബാലിശമായ അവസ്ഥയിൽ നിന്നു വളരണമായിരുന്നു, അതേ സമയം ശിരുക്കളെ പോലെ തിരിയുകയും ചെയ്യണമായിരുന്നു. **തിന്മ** ("വിദ്വേഷം"; കെജെവി). ശിശുക്കളെ പോലെ ആകുക എന്നത് മനോഹരമാണ്–എന്നാൽ മനസിലാക്കുന്നത് സംബന്ധിച്ച് അവരെ പോലെ ആകരുത്. "മുതിർന്നവരെ പോലെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക" എന്നാണ് അപ്പൊസ്തലൻ പറഞ്ഞത്.

ക്രിസ്ത്യാനികൾ മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചുപറ്റുവാൻ, അന്യോന്യം മൽസരിച്ചാൽ, അവർ പ്രവർത്തിക്കുന്നത് ശിശുക്കളെ പോലെ ആയിരിക്കും. പ്രവർത്തിക്കുക. മറ്റുള്ളവരെ പണിയുന്നതായിരിക്കണം ക്രിസ്ത്യാനിയുടെ പക്വതയുള്ള കൂടി വരവ്. അന്യോന്യം പറയുന്നത് ശ്രദ്ധിക്കുവാനും തിരുത്തുവാനും ഉള്ള മനസാണ് കൂടിവരവിൽ ഓരോരുത്തർക്കും വേണ്ടത്. സാമൂഹ്യ-ബോധമാണ് പക്വതക്ക് ആവശ്യം. ലക്ഷ്യം ആദ്യം ശരീരത്തിന്റെ ആത്മിക വർദ്ധനയും, പിന്നീട് വ്യക്തിപരമായ ആത്മിക വർദ്ധനയിലും ശ്രദ്ധിക്കണം. സഭയുടെ പരസ്യാരാധനയിൽ, സാമൂഹ്യ-ബോധം പ്രാധാന്യമുള്ളതാണ്.

**വാക്യം 21. ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നു** എന്നു പൗലൊസ് ഉദ്ധരിച്ചത് യെശയ്യാവ് 28:11, 12 ആണ്. കൊരിന്ത്യയിൽ അപ്പോഴും അത് ബാധകമായിരുന്നു. അവൻ ന്യായപ്രമാണത്തെ ആദ്യത്തെ അഞ്ചു പുസ്തകങ്ങളിൽ പരിമിതപ്പെടുത്തുകയായിരുന്നില്ല. പ്രവാചകന്മാർ ഒരർത്ഥത്തിൽ, ന്യായപ്രമാണത്തെ ഉറപ്പിക്കുകയായിരുന്നു ചെയ്തത്. ദൈവജനമായിരുന്ന യിസ്രായേലിനോട് ദൈവം അരുളിച്ചെയ്തത് അവർക്ക് വാസ്തവത്തിൽ മനസിലായില്ലെന്നു തോന്നുന്നു. കൊരിന്ത്യയിൽ സംസാരിച്ചതു പോലെ അന്ന് ദൈവജനത്തോട് **അന്യന്മാരുടെ അധരത്താലായിരുന്നു** സംസാരിച്ചത്. യിസ്രായേലിന്ന് എഴുന്നൂറു വർഷങ്ങൾക്ക് മുൻപ് ഉപയോഗിച്ച അന്യഭാഷ മനസിലാക്കാതിരുന്നതുപോലെ കൊരിന്ത്യയിൽ അന്യഭാഷ സംസാരിച്ചതും മനസിലാക്കുവാൻ ആളുകൾക്ക് കഴിഞ്ഞില്ല. കൊരിന്ത്യയിൽ സംസാരിച്ച അന്യഭാഷ വാസ്തവത്തിലുള്ള ഭാഷയായിരുന്നു എന്നു മനസിലാക്കണം.

വാക്കുമായുള്ള ബന്ധം നിമിത്തമാണ് പുതിയ നിയമ എഴുത്തുകാർ പഴയ നിയമം ഉദ്ധരിച്ചത്. പഴയ നിയമം സംസാരിക്കുന്നത് ഇന്നത്തെ സാഹചര്യമനുസരിച്ചല്ല എങ്കിലും അതിലെ വാക്കുകളും തത്വങ്ങളും പ്രയോജനപ്രദമാണ്. പഴയ നിയമത്തിൽ അന്യഭാഷകളിൽ സംസാരിച്ച മുന്നറിയിപ്പുകൾ അവർ അന്നു മനസിലാക്കേണ്ടിയിരുന്നതുപോലെ, കൊരിന്ത്യയിലെ ക്രിസ്ത്യാനികൾ അന്യഭാഷകളാൽ നൽകിയ മുന്നറിയിപ്പ് സന്ദേശം ഗ്രഹിക്കണമായിരുന്നു. കാരണം ആത്മാവ് നൽകിയ ആത്മവരങ്ങളെ അവർ തെറ്റായി ഉപയോഗിക്കരുതായിരുന്നു.

**വാക്യം 22**. പരിശുദ്ധാത്മവ് കൊരിന്ത്യയിലെ ചില ക്രിസ്ത്യാനികൾക്ക് സാധാരണ പഠിച്ചിട്ടില്ലാത്ത ഭാഷകളിൽ അത്ഭുതകരമായി സംസാരിക്കുവാനുള്ള കഴിവ് ആത്മാവ് നൽകി. കൊരിന്ത്യ സഭയിൽ സംബന്ധിച്ച അവിശ്വാസികൾ (ἄπιστος, *അപിസ്റ്റോസ്*) അവരുടെ ഭാഷയിൽ കൊരിന്തിലുള്ളവർ സുവിശേഷം സംസാരിക്കുന്നത് കേൾക്കുവാനിടയായി (പ്രവൃ. 2:7, 8). അത് വിശ്വസിക്കത്തക്ക ദൈവിക ശക്തിയായിരുന്നു. കൊരിന്ത്യരിൽ നടന്ന അന്യഭാഷാ സംസാരം ജാതികളുടെയിടയിൽ നടക്കുന്ന ഹർഷോന്മാദ ശബ്ദം പോലെയാണെങ്കിൽ, പൗലൊസിന്റെ വാദത്തിന് പ്രസക്തി കാണുമായിരുന്നില്ല. അർത്ഥമില്ലാത്ത അപശബ്ദങ്ങൾ സഭാ യോഗത്തിൽ സംസാരിക്കുകയാണെങ്കിൽ, "വരം ലഭിക്കാത്ത" മനുഷ്യൻ (ἰδιώτης, *ഇഡിയാറ്റെസ്*) അകത്ത് വന്നാൽ അവർക്ക് ഭ്രാന്താണ് എന്നു പറയും (14:16, 23, 24).

നേരെ മറിച്ച്, ഒരു ക്രിസ്ത്യാനി അത്ഭുതകരമായി അന്യഭാഷയിൽ ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുമ്പോൾ, സുവിശേഷത്തിൽ അൽപവിശ്വാസികൾക്ക് വിശ്വസിക്കുവാൻ അതു കാരണമാകും. അന്യഭാഷ **അടയാളത്തിന്** [ആയിരുന്നു]. അത് **വിശ്വാസികൾക്കല്ല, അവിശ്വാസികൾക്കാണ്**

**എന്നത്രെ** പൗലൊസ് പറഞ്ഞത്. അതേ സമയം, **പ്രവചനം** സഭാ യോഗത്തിൽ കൂടി വരുന്ന ക്രിസ്ത്യാനികളുടെ ആത്മിക വർദ്ധനവിനാണ്. കൊരിന്ത്യയിലുള്ളവർ ആത്മിയ വരമായ അന്യഭാഷ ഉപയോഗിച്ചത് സുവിശേഷത്തെ താഴ്ത്തി തങ്ങളെ ഉയർത്തി കാണിക്കുവാനാണ്.

**വാക്യം 23.** പ്രഭാഷണ വിദ്യയുടെ ഒരു ചോദ്യവുമായാണ് അപ്പൊസ്തലൻ 12:30 ൽ തന്റെ പോയിന്റ് വിശദമാക്കിയത്. "എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുന്നില്ല അല്ലേ?" കൊരിന്തിൽ അന്യഭാഷയിൽ സംസാരിക്കുന്നവർ എണ്ണത്തിൽ കുറവായിരുന്നു. **എല്ലാവരും അന്യഭാഷയിൽ സംസാരിച്ചാൽ** എന്നു പൗലൊസ് പറയുന്നത് അതിശയോക്തിയായിട്ടാണ്. ആർക്കും മനസിലാകാത്ത ഭാഷയിലുള്ള അന്യഭാഷയിലാണ് എല്ലാവരും സംസാരിക്കുന്നതെങ്കിൽ, വിശ്വാസികൾക്ക് പോലും സമനില തെറ്റിയിരിക്കുന്നു. അന്യോന്യം മതിപ്പ് തോന്നിപ്പിക്കുന്ന വിധത്തിലായിരുന്നു കൊരിന്ത്യയിലെ ആത്മിക വരങ്ങളുടെ ഉപയോഗം. സഭയിൽ എല്ലാവരും അന്യഭാഷയിൽ സംസാരിക്കണമെന്ന് അപ്പൊസ്തലൻ താൽപ്പര്യപ്പെട്ടില്ല. ഒരേ സമയം പലർ അന്യഭാഷകളിൽ സംസാരിച്ചതും ആർക്കും ഗുണം ചെയ്യാത്ത ഒന്നായിരുന്നു. **സഭ മുഴുവനും കൂടി വരു**[മ്പോൾ], പുറത്തു നിന്ന് ഒരാൾ സഭായോഗത്തിൽ വന്നാൽ, അവർക്ക് **ഭ്രാന്ത്** ആണെന്ന് അനുമാനിക്കും. തൽഫലമായി, ആളുകൾക്ക് ക്രിസ്തുവിൽ വിശ്വാസം വരുന്നതിന് നേരെ എതിരായിരിക്കും ഫലം.

പൊതുവിൽ ഉള്ള ഒരു ഏറ്റു പറച്ചലിൽ ഒന്നു ചേർന്ന സമൂഹം ഒരു ദൗത്യത്തിനായി കൂടി വരുമ്പോൾ (συνέλθῃ, *സുനെൽതെ*) അത്തരം സഭായോഗത്തെ എൻഏഎസ്ബി ഒരു വിശദീകരണത്തോടെയാണ് പറഞ്ഞിരിക്കുന്നത്. ഗ്രീക്ക് ഇഡിയം ἐπὶ τὸ αὐτὸ (*എപിടോ ആടോ*) അർത്ഥം "ഒരുമിച്ച്" എന്നാണ്. അതേ സംയുക്ത വാക്ക് മത്തായി 22:34 ലും ലൂക്കൊസ് 17:35 ലും, അഞ്ചു പ്രാവശ്യം പ്രവൃത്തികളുടെ പുസ്തകത്തിലും (1:15; 2:1, 44, 47; 4:26). 1 കൊരിന്ത്യർ ലേഖനത്തിൽ മൂന്നു പ്രാവശ്യവും കാണാം (7:5; 11:20; 14:23). വിളിക്കപ്പെട്ടവർ പൊതുവായ ഒരു ഉദ്ദേശത്തിനു വേണ്ടിയാണ് ഒരുമിച്ചു കൂടുന്നത്.[8] യെരുശലേം സഭയുടെ ഐക്യത അംഗങ്ങളുടെ മനസും ഹൃദയവും യോജിച്ചിരുന്നതിനാലാണ് എന്ന് വ്യക്തമാക്കുവാൻ പ്രവൃത്തികളുടെ പുസ്തകത്തിൽ ലൂക്കൊസ് ആ വാക്കുകൾ ഉപയോഗിച്ചിരിക്കുന്നു. ആരാധനക്ക് കൂടിവരുന്നവരും ഭാര്യയും ഭർത്താവും തമ്മിലുള്ള ബന്ധം പൗലൊസ് 7:25 ൽ പറയുന്നതും ഒരുപോലെ ബന്ധപ്പെട്ടിരിക്കുന്നു. പൊതുവായ ഏറ്റു പറച്ചൽ നടത്തിയവരാണ് ആരാധനക്ക് ഒത്തു ചേരുന്നത് (11:20; 14:23). സഭായോഗത്തിന്റെ പൊതുവായ ഉദ്ദേശത്തെ ഇല്ലലാതാക്കുന്നതാണ് ഒരേ സമയത്ത് പലർ അന്യഭാഷയിൽ സംസാരിക്കുന്നത്.

ഒരേ സമയത്ത് നിരവധിപേർ അന്യഭാഷയിൽ സംസാരിക്കുന്ന തെറ്റിദ്ധാരണക്ക് പകരം പ്രവചനം ഉപദേശത്തിന് പര്യാപ്തമായി തീരുകയാണ്. അന്യഭാഷയിലും പ്രവചനത്തിലും, എന്തു സംസാരിച്ചാലും, അത് ഉചിതവും ക്രമവും ആയിരിക്കണമെന്നാണ് അപ്പൊസ്തലൻ നിഷ്ക്കർഷിച്ചത് (14:27–31). അപ്പൊസ്തലൻ പറഞ്ഞത് പ്രവചനം വിശ്വാസികൾക്ക് ആണ് (14:22), എന്നാൽ അത് അവിശ്വാസികളെ സത്യം ബോധ്യപ്പെടുത്തുവാനും സഹായിക്കുമെന്ന കാര്യം മറക്കരുത്. "എല്ലാവരും" അന്യഭാഷകളിൽ സംസാരിക്കുവാനും "എല്ലാവരും പ്രവചിക്കുവാനും" അപ്പൊസ്തലൻ പ്രതീക്ഷിക്കുന്നില്ല (14:24). അപ്പൊസ്തലൻ വ്യക്തമാക്കിയ അന്തരം ഇതാണ്: പ്രവചന വരം ലഭിച്ചവർ

സംസാരിക്കുമ്പോൾ, കേൾക്കുന്ന അ-ക്രൈസ്തവന് അതു മനസിലാകും. കേൾക്കുന്നവർ ക്രിസ്തുവിന്റെ സുവിശേഷം വിശ്വസിച്ച് അനുസരിക്കുവാനോ അല്ലെങ്കിൽ, ധാർമ്മിക മാറ്റം വരുത്തുവാനോ ശ്രമിക്കും. എങ്ങനെയായാലും, നിരവധി പേർ ഒരേ സമയത്ത് അജ്ഞാത ഭാഷകളിൽ സംസാരിക്കുന്നത് കേൾക്കുമ്പോൾ, അത് റൗഡിത്തരമായി തോന്നിയേക്കാം. നേരെ മറിച്ച് തെളിവുള്ള വാക്കുകളാണ് സംസാരിക്കുന്നതെങ്കിൽ, അവിശ്വാസികൾ വിസ്മയിക്കുകയും "മനസിലാകുന്നതിനോട്" പ്രതികരിക്കയും ചെയ്യും.

**വാക്യങ്ങൾ 24, 25.** എന്നാൽ തിരഞ്ഞെടുക്കപ്പെട്ട പ്രവാചകന്റെ വാക്കുകൾ കേൾക്കുന്ന ആളുടെ ഹൃദയ രഹസ്യങ്ങളെ വെളിപ്പെടുത്തുന്നതിനാൽ; അയാൾ കവിണ്ണു വീണു ദൈവത്തെ നമസ്ക്കരിക്കും എന്ന് 14:25 ൽ പറയുന്നു. അ-ക്രൈസ്തവൻ കാര്യങ്ങളെ മനസിലാക്കുകയാലാണ്, അയാളുടെ മനസിൽ തീരുമാനം എടുക്കുവാൻ കഴിയുന്നത്. അയാൾ ദൈവ സന്ദേശം കേൾക്കുമ്പോൾ, മനസിലാക്കുവാൻ ദൈവം പ്രവർത്തിക്കുന്നതായും അവനു സുവിശേഷ സത്യം ബോധ്യമാകയും ചെയ്യും. പിന്നെ അയാൾ നമസിക്കരിക്കുകയും, സാക്ഷ്യം വഹിക്കുകയും, **ദൈവം വാസ്തവമായും അവരുടെ ഇടയിൽ വസിക്കുന്നു എന്നു പ്രഖ്യാപിക്കയും ചെയ്യും.**

അദ്ധ്യായം 14 രണ്ട് ഭാഗങ്ങളായി തിരിച്ചിരിക്കുന്നതായി ഗോർഡൻ ഡി. ഫീ നിരീക്ഷിച്ചിരിക്കുന്നു, 1 മുതൽ 25 വരെ പറയുന്നത്. "സഭായോഗത്തിൽ *സുഗ്രാഹ്യതയുടെ ആവശ്യം*" എന്നതും, 26 മുതൽ 40 വരെ "ക്രമത്തിന്റെ തികഞ്ഞ ആവശ്യകതയെയും" അണ്.[9] സഭായോഗം വിശ്വാസികളെ ഉത്തേജിപ്പിക്കയും, വളർത്തുകയും ചെയ്യുന്നതും, അവിശ്വാസികൾക്ക് പാപത്തെ കുറിച്ചും യേശുവിന്റെ ആവശ്യകതയെ കുറിച്ചും ബോധ്യമാക്കുന്നു. പ്രബോധനം ആയാലും, നിർദ്ദേശം ആയാലും, ക്രിസ്തുവിനെ പ്രസംഗിക്കുന്നവർ "ഇതാ നിങ്ങൾക്ക് തോന്നുന്നത്" എന്നല്ല പറഞ്ഞത്, പിന്നെയോ, "നിങ്ങൾ മനസിലാക്കേണ്ടത് ഇതാണ്" എന്നത്രെ. പ്രബോധനവും, നിർദ്ദേശവും, ആത്മികവർദ്ധനയും മനസിലാക്കേണ്ടിയിരുന്നു. അദ്ധ്യായം 14 ൽ "ആത്മിക വർദ്ധന." "ആത്മിക വർദ്ധന വരുത്തുവിൻ" എന്നീ പദങ്ങൾ പൗലൊസ് ഏഴു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു.[10]

ആരംഭ സമയത്തെ സഭായോഗങ്ങളിലെ ആരാധനയിൽ സംഭവിച്ചതെല്ലാം വിശദമായി അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകത്തിലോ, പുതിയ നിയമത്തിലെ മറ്റു പുസ്തകങ്ങളിലോ പ്രതിപാദിച്ചിട്ടില്ല. പഴയ നിയമ വേദഭാഗങ്ങൾ വായിക്കുന്നത് സംബന്ധിച്ചും ശാസ്ത്രിമാർ ഉപദേശിക്കുന്നതു സംബന്ധിച്ചും നമുക്ക് ഊഹിക്കുവാൻ കഴിയും (കൊലൊ. 4:16; 1 തിമൊ. 4:13). സന്ദർശകരായിരുന്ന പ്രവാചകന്മാരും, സുവിശേഷകന്മാരും അവർ സന്നിഹിതരാകുമ്പോൾ സഹോദരന്മാരെ ഓരോരുത്തരേയും വളർത്തുകയും ചെയ്യുമായിരുന്നു (പ്രവൃ. 20:7). ഒരുപക്ഷെ അവരുടെ ഗീതങ്ങളുടെയോ അല്ലെങ്കിൽ അവരുടെ പ്രാർത്ഥനയുടേയോ ശകലങ്ങൾ നമുക്ക് ലേഖനങ്ങളിൽ കാണുവാൻ കഴിഞ്ഞേക്കാം. എങ്ങനെയായാലും, കർത്തൃദിവസത്തെ കൂടിവരവിൽ "കർത്തൃമേശയും" ഉൾപ്പെടുന്നു. ഒന്നാം-നൂറ്റാണ്ടിലെ ആരാധാനാ രീതിക്ക് ഇന്നത്തെ ക്രിസ്ത്യാനികൾ അധികം പ്രാധാന്യം നൽകുന്നില്ല. നമുക്ക് അമിതമായ വിശദീകരണമില്ലെങ്കിലും, മതിയായത്ര വിവരണം നൽകിയിട്ടുണ്ട്.

ഇതു വളരെ വ്യക്തമാണ്: സഭായോഗം കൂടുമ്പോൾ അത് സുഗ്രാഹ്യവും ക്രമവുമാകണമെന്ന് അപ്പൊസ്തലൻ പ്രതീക്ഷിക്കുന്നു. അന്യഭാഷയുടേയും

പ്രവചനത്തിന്റേയും അന്തരം പൗലൊസ് വ്യക്തമാക്കി ക്രിസ്തീയ ആരാധന എങ്ങനെയായിരിക്കണമെന്നും സൂചിപ്പിക്കുന്നു (14:2-6), എന്നാൽ അവന്റെ മുഖ്യ ചിന്ത അതായിരുന്നില്ല. 14:26 മുതൽ, അവന്റെ പരിഗണന വിശ്വാസികളായ ക്രിസ്ത്യാനികൾ കൂടി വരുമ്പോൾ, എങ്ങനെ പെരുമാറണമെന്നാണ് അവൻ നിർദ്ദേശിക്കുന്നത്. അവരെ വാണുകൊണ്ടിരുന്നത് അനൗപചാരികതയായിരുന്നു. അതേ സമയം അപ്പൊസ്തലന അവരെ പൂർണ്ണമായി സ്വന്തം ഇഷ്ടത്തിന് അനുവദിച്ചുമില്ല. അന്യോന്യമുള്ള ആത്മിക വർദ്ധനക്ക് ആരാധന ചിന്തയും ക്രമവും ഉള്ളതായിരിക്കണം. അന്യഭാഷയുടേയും പ്രവചനത്തിന്റേയും ഗുണം വ്യക്തമാക്കിയ ശേഷം, അപ്പൊസ്തവലൻ "വാക്യം 25 ൽ, സുഗ്രാഹ്യതയിലേക്കും, ക്രമത്തിലേക്കും അവന്റെ ചിന്ത തിരിഞ്ഞു."[11]

### ആരാധനയിൽ പങ്കെടുക്കുന്നവർക്കുള്ള നിർദ്ദേശങ്ങൾ (14:26-33)

**[26]ആകയാൽ എന്ത്? സഹോദരന്മാരേ, നിങ്ങൾ കൂടി വരുമ്പോൾ ഓരോരുത്തന്ന് സങ്കീർത്തനം ഉണ്ട്, ഉപദേശം ഉണ്ട്, വെളിപ്പാട് ഉണ്ട്, അന്യഭാഷ ഉണ്ട്, വ്യാഖ്യാനം ഉണ്ട്, സകലവും ആത്മിക വർദ്ധനവിനായി ഉതകട്ടെ. [27]അന്യഭാഷയിൽ സംസാരിക്കുന്നു എങ്കിൽ രണ്ട് പേരോ ഏറിയാൽ മൂന്നു പേരോ ആകട്ടെ. അവർ ഓരോരുത്തരായി സംസാരിക്കയും ഒരുവൻ വ്യാഖ്യാനിക്കയും ചെയ്യട്ടെ. [28]വ്യാഖ്യാനി ഇല്ലാഞ്ഞാൽ അന്യഭാഷക്കാരൻ സഭയിൽ മിണ്ടാതെ തന്നോടും ദൈവത്തോടും സംസാരിക്കട്ടെ. [29]പ്രവാചകന്മാർ രണ്ടുപേരോ ഏറിയാൽ മൂന്നു പേരോ ആകട്ടെ. അവർ ഓരോരുത്തരായി സംസാരിക്കയും മറ്റുള്ളവർ വിവേചിക്കയും ചെയ്യട്ടെ. [30]ഇരിക്കുന്നവനായ മറ്റൊരുവന്ന് വെളിപ്പാട് ഉണ്ടായാലോ ഒന്നാമത്തവൻ മിണ്ടാതിരിക്കട്ടെ. [31]എല്ലാവരും പഠിപ്പാനും എല്ലാവർക്കും പ്രബോധനം ലഭിപ്പാനുമായി നിങ്ങൾക്ക് എല്ലാവർക്കും ഓരോരുത്തനായി പ്രവചിക്കാമല്ലൊ. [32]പ്രവാചകന്മാരുടെ ആത്മാക്കൾ പ്രവാചകന്മാർക്ക് കീഴടങ്ങിയിരിക്കുന്നു. [33]ദൈവം കലക്കത്തിന്റെ ദൈവം അല്ല സമാധാനത്തിന്റെ ദൈവം അത്രെ.**

**വാക്യം 26.** പ്രസംഗ വിദ്യയുടെ ഒരു ചോദ്യത്തോടുകൂടെ, നിർദ്ദേശങ്ങളുടെ ആകെത്തുക ബോധ്യമാക്കിയ ശേഷം അവൻ മറ്റൊരു ദിശയിലേക്ക് തിരിഞ്ഞു. "അവൻ പറഞ്ഞതെല്ലാം നമ്മെ എവിടേക്കാണ് നയിക്കുന്നത്?" മുൻപറഞ്ഞതെല്ലാം നമ്മെ "ഏതു പോയന്റിലേക്ക് കൊണ്ടു പോകുന്നു?" ആ പറഞ്ഞ കാര്യങ്ങളെല്ലാം മനുഷ്യരെ ഉത്തേജിപ്പിക്കുന്നതിനും പരസ്പരം ഉപദേശിക്കുവാനുള്ളതുമാണ്. സഭായോഗത്തിലെ പ്രവൃത്തികളെല്ലാം ക്രിസ്ത്യാനികളെ മാതൃകാപരമായി വളർത്തുന്നതിനുള്ളവയാണ്. വിശ്വാസികളായ ഓരോ വ്യക്തിക്കും വ്യത്യസ്തമായ പ്രവൃത്തിയായിരുന്നു സഭായോഗത്തിൽ ഉണ്ടായിരുന്നത്. ദൈവത്തിൽ നിന്നും ലഭിച്ച സാമൂഹ്യ പ്രവൃത്തികളായിരുന്നു **ഓരോരുത്തരും** ചെയ്തിരുന്നത്. ചെയ്യുവാനുള്ള പ്രവൃത്തികളിൽ ഏറ്റ കുറവ് ഉണ്ടായിരുന്നു. നയിക്കുവാൻ താൽപര്യമുള്ള വ്യക്തികളെയും പ്രോത്സാഹിപ്പിക്കണം.

ക്രിസ്ത്യാനികൾക്ക് സംഗീതത്തോട് താൽപര്യവും പ്രതിപത്തിയും ഉണ്ടായിരുന്നേക്കാം. അവർ തീർച്ചയായും ഗാനങ്ങൾ സഭായോഗത്തിനു വരുമ്പോൾ കൊണ്ടു വന്നേക്കാം. മറ്റുള്ളവർ പുറത്തുനിന്നു കേട്ട ഗാനങ്ങളുമാ

യിട്ടായിരിക്കാം വരുന്നത്. സങ്കീർത്തനം-പോലെയുള്ള കീർത്തനങ്ങളും പ്ര തികരിക്കത്തക്ക വാക്യങ്ങളും സഭായോഗത്തിൽ ഉപയോഗിച്ചിരുന്നു. ക്രിസ്തീ യാരാധനയിൽ ആദ്യം സാമൂഹ്യഗാനങ്ങളും ആലപിച്ചിരുന്നു (മർ. 14:26; പ്രവൃ. 16:25). ചില ആരാധകർ സങ്കീർത്തനവും (ψαλμός, *സാൽമോസ്*) പഴയ നിയമത്തിൽ നിന്നു ക്രിസ്തീയാരാധനയില്ക്ക് കൊണ്ടു വന്നിരുന്നു. പക്ഷെ പൗലൊസ് സാങ്കേതിമായി ആ അർത്ഥത്തിലല്ല ആ വാക്ക് ഉപയോഗിച്ചിരിക്കു ന്നത്. അപ്പൊസ്തവലൻ **ഉപദേശം** അല്ലെങ്കിൽ **വെളിപ്പാട്** എന്നിവയുമായി ബന്ധപ്പെടുത്തി അപൊസ്തലൻ ഉപയോഗിക്കുന്ന വാക്ക് പുകഴ്ച്ചക്കായുള്ള പാട്ട് അല്ലെങ്കിൽ ധ്യാനത്തിനുള്ള "ഒരു സങ്കീർത്തനം" ആണ്. ചില സന്ദർഭ ങ്ങളിൽ അപ്പൊസ്തലൻ തന്റെ ലേഖനങ്ങളിൽ ഉപയോഗിച്ചത് ക്രിസ്തീയ സങ്കീർത്തനങ്ങൾ ആണെന്ന് തോന്നുന്നു (ഫിലി. 2:6-11; കൊലൊ. 1:16, 17). സഭയുടെ പാട്ടു പാടലിൽ എന്തെല്ലാം അടങ്ങിയിരുന്നാലും, അപ്പൊസ്തലന്റെ ചിന്തയിൽ ക്രമവും സുഗ്രാഹ്യതയും ആയിരുന്നു ഉണ്ടായിരുന്നത്.

പുതിയ നിയമ കാലം തുടങ്ങിയ ശേഷം അജ്ഞാതമായിരുന്ന ചില ഘടകങ്ങൾ ആരാധനയിൽ ഉൾപ്പെടുത്തുവാൻ പരിശുദ്ധാത്മാവ് നേരിട്ട് കൊരിന്ത്യയിലെ ക്രിസ്ത്യാനികളെ അനുവദിച്ചു. ആത്മാവ് ചില വിശ്വാസി കൾക്ക് ഏതാനും വെളിപ്പാടുകൾ നേരിട്ടു നൽകി. ആ വെളിപ്പാട് സന്ദേശം അവർ സഭായോഗത്തിൽ ഉപദേശത്തിനും ആത്മിക വർദ്ധനവിനുമായി കൊണ്ടു വന്നു. വ്യാഖ്യാന വരം ലഭിച്ചവർ അത് വ്യാഖ്യാനിക്കയും ചെയ്തി രുന്നു. "അന്യ ഭാഷ വ്യാഖ്യാനിച്ചാൽ മാത്രമെ പ്രയോജനപ്പെടുകയുള്ളു. ആത്മിയ വരങ്ങൾ സഭയുടെ വളർച്ചക്കും പൊതുവിൽ വ്യക്തികളെയും സമൂഹത്തെയും ആത്മിക വർദ്ധന വരുത്തുവാനാണ്" അപ്പൊസ്തലൻ ഉപദേശിച്ചത് (14:4).[12] സഭായോഗത്തിൽ സംഭവിക്കുന്നതെല്ലാം ദൈവത്തെ പുകഴ്ത്തുന്നതിനും വിശ്വാസികളുടെ ആത്മിക വർദ്ധനെക്കും ഉതകണം (എബ്രാ 10:23-25).

**വാക്യം 27.** അന്യഭാഷയിൽ സംസാരിക്കുന്നവർ **ഓരോരുത്തരായി** സംസാരിക്കണമായിരുന്നു. വ്യക്തിക്കു സ്വയം മുൻകൈ എടുത്തു പ്രദർശി പ്പിക്കാവുന്നതായിരുന്നു അന്യഭാഷാ വരം എന്നതിനാൽ, മറ്റൊരാൾക്കും അത്തരത്തിലുള്ള സംസാരത്തെ സ്വയം നിയന്ത്രിക്കുവാൻ കഴിയുമായിരു ന്നു. ആകയാൽ സംസാരിക്കുന്ന രീതിയോ സംസാരം തന്നെയോ നിയന്ത്രി ക്കുവാൻ അപ്പൊസ്തലൻ ആവശ്യപ്പെട്ടു. വ്യക്തമായ ഭാഷ തടയുവാൻ കഴിയാത്ത ഒന്നായിരുന്നില്ല; അത് ആത്മാവിന്റെ ശക്തിയാൽ, ലഭിച്ച വരമാ യിരുന്നു. ആത്മവരം ലഭിച്ച അന്യഭാഷക്കാർ സഭയിൽ ഏറിയാൽ രണ്ടോ അല്ലെങ്കിൽ മൂന്നു പേരോ സംസാരിക്കട്ടെ, അതിലധികം ആകരുത് എന്നർത്ഥം (ἐν ἐκκλησίᾳ, *ഇൻ എക്ലേസിയ*; "സഭയിൽ"; 14:19, 28 നോക്കുക), അയാൾ സംസാരം നിയന്ത്രിക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്നു. സഭായോഗത്തെ അധീ നമാക്കുവാൻ അന്യഭാഷാ വരത്തെ അനുവദിക്കരുത് എന്നാണ് അപൊസ്ത ലൻ ആവശ്യപ്പെട്ടത്.

**വാക്യം 28.** അതിനു പുറമെ, .അന്യഭാഷയിൽ സംസാരിക്കുകയാണെ ങ്കിൽ അത് വ്യാഖ്യാനിയുടെ സാന്നിധ്യത്തിലേ ആകാവു. ചില സന്ദർഭ ങ്ങളിൽ, അന്യഭാഷയിൽ സംസാരിക്കുന്ന ആൾക്ക് വ്യാഖ്യാനിക്കുവാന ുള്ള വരവും ലഭിച്ചിരിക്കാം, അങ്ങനെ ആണെങ്കിൽ സഭയിൽ അയാൾക്ക് സംസാരിക്കാം. അല്ലെങ്കിൽ അയാളും ദൈവവുമായി സംസാരിക്കട്ടെ (14:5).

ഒരാൾ വ്യാഖ്യാനവും തർജിമയും ചുരുക്കി പറഞ്ഞാൽ ഒന്നു തന്നെയല്ല, διερμηνεύω (*ഡയെൻമെനെയുവോ*) അന്യഭാഷയിൽ സംസാരിക്കുന്നത് സഭയിൽ ആർക്കും മനസിലാകുന്നില്ലെങ്കിൽ, അയാൾ വ്യാഖ്യാനിയെ തേടണം.[13] വ്യാഖ്യാനി, പറഞ്ഞ കാര്യങ്ങൾ ഒന്നുകിൽ തർജിമ ചെയ്യുകയോ അല്ലെങ്കിൽ അതിന്റെ അർത്ഥം വ്യക്തമാക്കണം എന്നു പൗലൊസ് പറഞ്ഞതിൽ രണ്ട് തത്വങ്ങൾ അടങ്ങിയിരിക്കുന്നു: (1) അന്യ-ഭാഷക്ക് അർത്ഥം ഉണ്ടായിരുന്നു, (2) സന്ദേശം വ്യാഖ്യാനിച്ചില്ലെങ്കിൽ ആർക്കും പ്രയോജനപ്പെടുന്നില്ല. ആത്മിയ വരങ്ങൾ സഭയുടെ പൊതു പ്രയോജനത്തിനായിരുന്നു; അല്ലാതെ വ്യക്തികളെ-ഉയർത്തുന്ന കൂത്തുകാഴ്ച്ച ആയിരുന്നില്ല. വ്യക്തിയുടെ അനുഭവം പറയുന്നതല്ല അന്യഭാഷ, പിന്നെയോ, ദൈവവും മനുഷ്യരും തമ്മിലുള്ള ആശയവിനിമയമാണ്.

ആത്മ വരം ലഭിച്ചവർ അന്യഭാഷയിൽ സംസാരിക്കുന്നത് നിയന്ത്രണാതീതമായ ഒരു പ്രതിഭാസമല്ല പൗലൊസ് പറയുന്നത് എന്ന് മനസിലാക്കി തരുന്നതാണ്, വ്യാഖ്യാനി ഇല്ലെങ്കിൽ അന്യഭാഷക്കാരൻ **സഭയിൽ മിണ്ടാതിരിക്കട്ടെ** എന്ന പ്രസ്താവന. അതായത്, ലിയോൺ മോറിസ് അഭിപ്രായപ്പെട്ടു, "ആത്മാവിന്റെ ശക്തിയാൽ ലഭിക്കുന്നതാകയാൽ, അന്യഭാഷ നിയന്ത്രണാതീതമായ അപ-ശബ്ദങ്ങൾ പുറപ്പെടുവിക്കുന്ന ഹർഷോന്മാദം ആണ് എന്ന് ധരിക്കരുത്."[14]

സഭയുടെ ആരാധനയിൽ തടയുവാൻ കഴിയാത്ത കഠിനമായ ആവേശത്തോടെയുള്ള സംസാരം അനുവദിക്കുന്നില്ല. അങ്ങനെ വരുമ്പോൾ അയാൾക്ക് തന്നോടും ദൈവത്തോടും സംസാരിക്കാം, അല്ലെങ്കിൽ അയാൾ സഭയിൽ തെറ്റിദ്ധാരണ പരത്തും. അന്യഭാഷയിൽ ഒരാൾ സംസാരിക്കുകയാണെങ്കിൽ, അയാൾക്ക് സഭയിലെ സഹ ആരാധകരോട് അർത്ഥവത്തായ എന്തെങ്കിലും പറയുവാൻ ഉണ്ടായിരിക്കും വ്യാഖ്യാനിക്ക് മനസിലാക്കുവാൻ കഴിയാത്ത വെറും ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നത് അന്യഭാഷയാണെന്ന ഒരു സൂചനയും അപ്പൊസ്തലൻ നൽകുന്നില്ല.

**വാക്യം 29**. അന്യ-ഭാഷയിൽ സംസാരിക്കുന്നതുപോലെ, പ്രവചന വരവും സംസാരിക്കുന്നവന്റെ നിയന്ത്രണത്തിൽ പെട്ട വരമായിരുന്നു. അന്യഭാഷ പോലെ, ഒരേ സമയത്ത് **രണ്ടോ മൂന്നോ പേർ പ്രവചിക്കട്ടെ** എന്നു പറയുന്നില്ല, സഭായോഗത്തിൽ രണ്ടോ മൂന്നോ പേർ **സംസാരിക്കട്ടെ**. ആരാധനയിൽ-പാട്ട്, പ്രാർത്ഥന, അന്യഭാഷ. പ്രവചനം, തുടങ്ങിയവ-ഒന്നു മാത്രം എന്നു പറഞ്ഞില്ല. പ്രവചിക്കുമ്പോൾ, **മറ്റുള്ളവർ**, അതായത് വിശ്വാസ സമൂഹവും, മറ്റു പ്രവാചകന്മാരും അത് ശ്രവിച്ച് **വിവേചിക്കട്ടെ** എന്നു പറഞ്ഞിരിക്കുന്നു. അന്യഭാഷയിൽ സംസാരിച്ചത് എന്തായാലും അത് വ്യാഖ്യാനിക്കണം, പ്രവചിക്കുന്നത് പരിശോധിക്കണം. സഭ കേൾക്കുന്ന എല്ലാ സന്ദേശങ്ങളും അങ്ങനെ തന്നെ സ്വീകരിക്കണമെന്നില്ല. സ്പഷ്ടമായും, എല്ലാ പ്രവചനങ്ങളും ഒരേ നിലവാരത്തിലുള്ളതായിരിക്കുകയില്ല. എല്ലാം ഉദ്ദേശിച്ച ഫലവും പുറപ്പെടുവിക്കയില്ല.

പ്രവാചകന്മാരുടെ പ്രവചനം വ്യത്യസ്ത നിലവാരത്തിലുള്ളതാകയാൽ, ഒരു മെക്കാനിക് തന്റെ ഉപകരണം ഗിയന്ത്രിക്കുന്നതുപോലെ, പ്രവചിക്കുന്ന പ്രവാചകന്റെ വ്യക്തിത്വം ദൈവം എടുത്തു മാറ്റുകയില്ല. മറിച്ച്, ആത്മാവ് ഒരു സന്ദേശം ഒരു വ്യക്തിയിൽ കൂടെ പുറത്തു വിടുന്നു. സന്ദേശം അവതരിപ്പിക്കുന്നതിൽ ആ വ്യക്തിയും ഉൾപ്പെട്ടിരിക്കയാൽ, വ്യത്യസ്ത രീതി ദൈവം ഓരോരുത്തരിൽ നിന്നു പ്രതീക്ഷിക്കുന്നു. പരിശുദ്ധാത്മാവിന്റെ അനുവാദത്തോടെ

അമാനുഷമായ ആത്മവരം പൊതു പ്രയോജനത്തിന് ഉപയോഗിക്കുകയാണ്.

**വാക്യം 30.** ഒരു പ്രവാചകൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, മറ്റൊരു പ്രവാചകന്ന് **വെളിപ്പാട്** [ഉണ്ടായാൽ] ഒന്നാമത്തെ പ്രവാചകൻ **രണ്ടാമത്തെ പ്രവാചകന്ന്** [ചെവി] കൊടുക്കണം. എല്ലാ സമയവും തനിക്ക് വേണം എന്ന് ശഠിക്കുവാൻ ആർക്കും അവകാശമില്ല. ദൈവം ആരേയും സന്ദേശം അറിയിക്കുവാൻ ഏകാധിപതിയായി വെച്ചിട്ടില്ല. ആത്മിയ വരങ്ങൾ ലഭിച്ചിട്ടുള്ളവർ അന്യഭാഷയിൽ സംസാരിച്ചാലും, പ്രവചിച്ചാലും, പാട്ട് പാടിയാലും അവയെല്ലാം ക്രമമനുസരിച്ചായിരിക്കണം നിർവ്വഹിക്കുവാൻ ഒരാളുടെ മാത്രമല്ല സഭക്ക് പലരുടേയും വരങ്ങളും സന്ദേശങ്ങളും ആവശ്യമാണ്.

**വാക്യം 31.** കൊരിന്ത്യയിൽ സഭായോഗം കൂടുമ്പോൾ സംഭവിച്ച കുഴപ്പം പൗലൊസ് മനസിലാക്കി. ഒന്നോ രണ്ടോ പേർ സംസാരിക്കുവാൻ തുടങ്ങിയിട്ട് മറ്റാരേയും സംസാരിക്കുവാൻ അനുവദിച്ചിരിക്കയില്ല. ഓരോ പ്രവാചകനും ഓരോരുത്തരായി സംസാരിക്കട്ടെ എന്നാണ് അപ്പൊസ്തലൻ പറഞ്ഞത്. **എല്ലാവരും പഠിപ്പാനും എല്ലാവരും പ്രബോധിപ്പാനുമായി നിങ്ങൾക്ക് എല്ലാവർക്കുമായി ഓരോരുത്തനായി പ്രവചിക്കാമല്ലൊ** എന്നാണ് അപ്പൊസ്തലൻ പറയുന്നത്. പ്രവചനത്തിന്റെ പ്രാധാന്യം ഇല്ലാതാക്കുന്ന വിധത്തിൽ സ്വയം-വിലയിരുത്തൽ നടത്തരുത് എന്നാണ് അപ്പൊസ്തലൻ നിർദ്ദേശിച്ചത്.

**വാക്യം 32.** എൻആർഎസ്വി തർജിമ ചെയ്യുന്നത്, “പ്രവാചകന്മാരുടെ ആത്മാക്കൾ പ്രവാചകന്മാർക്ക് കീഴ്പ്പെട്ടിരിക്കുന്നു” എന്നാണ് (കെജെവി നോക്കുക). ആ വാക്കുകൾ രണ്ട് വിധത്തിൽ തർജിമ ചെയ്യാം. ഒന്ന്, ആത്മാവ് നൽകിയ വരം അനുസരിച്ച് പ്രവാചകൻ സംസാരിക്കണം. ആ വ്യക്തിയുടെ വ്യക്തിത്വത്തെ മറി കടക്കുന്നതായിരുന്നില്ല ആ പ്രവചനം എന്ന പ്രാധാന്യമാണ് ഇവിടെ നാം കാണുന്നത്. പരിശുദ്ധാത്മാവ് സന്ദേശം കൊടുക്കുമ്പോഴും പ്രവാചകന്റെ സ്വന്ത ആത്മാവ് അവനിൽ തന്നെ ഉണ്ടായിരുന്നു എന്നർത്ഥം. ഇത് അന്യഭാഷയിൽ സംസാരിച്ച വ്യക്തിയെ സംബന്ധിച്ചും വാസ്തവമായിരുന്നു. സംസാരിക്കുന്നവർക്ക് അത് നിയന്ത്രിക്കുവാൻ കഴിയുമായിരുന്നു; അവരുടെ സംസാരം ഒന്നിനൊന്നു വ്യത്യസ്മായിരുന്നു. നല്ലതു മാത്രം സംസാരിക്കുവാൻ സഭയിൽ ആരും അത്ര വിശുദ്ധരായിരുന്നില്ല.

എൻഏഎസ്ബി തർജിമക്കാർ ആ വാക്കുകളെ വ്യത്യസ്തമായിട്ടാണ് തർജിമ ചെയ്തിരിക്കുന്നത്. അവർ കൊടുത്തിരിക്കുന്നത്, ... **പ്രവാചകന്മാരുടെ ആത്മാക്കൾ പ്രവാചകന്മാർക്ക് കീഴടങ്ങിയിരിക്കുന്നു** എന്നാണ്. “പ്രവാചകന്മാർ” എന്നതിന് മുൻപ് ഗ്രീക്കിൽ ആർട്ടിക്കിൾ ഉപയോഗിച്ചിട്ടില്ല. ഒരു പ്രവാചകൻ സംസാരിക്കുമ്പോൾ, മറ്റൊരു പ്രവാചകന് അരുളപ്പാടുണ്ടായാൽ ഒന്നാമത്തെ പ്രവാചകന് അതു നിയന്ത്രിക്കുവാൻ കഴിയുമായിരുന്നു എന്നാണ് എൻഏഎസ്ബി പറഞ്ഞിരിക്കുന്നത്. ഗ്രീക്കിൽ ആർട്ടിക്കിൾ ഇല്ലെങ്കിലും എൻഏഎസ്ബിയുടെ തർജിമയാണ് നല്ലത്. സന്ദർഭമാണ് അർത്ഥം വ്യക്തമാക്കുന്നത്. ആ സന്ദർഭം നമുക്ക് മനസിലാക്കി തരുന്നത്: പ്രവാചകന്മാരുടെ പ്രവചനത്തെ അവർക്കു നിയന്ത്രിക്കുവാൻ കഴിഞ്ഞിരുന്നു എന്നാണ്.

## ആരാധനയിലെ സ്ത്രീകളോടുള്ള നിർദ്ദേശം (14:34-36)

**[34]വിശുദ്ധന്മാരുടെ സർവ്വ സഭകളിലുമെന്ന പോലെ സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതെ ഇരിക്കട്ടെ; ന്യായപ്രമാണവും പറയുന്നതുപോലെ**

**കീഴടങ്ങിയിരിപ്പാനല്ലാതെ സംസാരിപ്പാൻ അവർക്ക് അനുവാദമില്ല. [35]അവർ വല്ലവരും പഠിപ്പാൻ ഇച്ഛിക്കുന്നു എങ്കിൽ, വീട്ടിൽവെച്ച് ഭർത്താക്കന്മാരോട് ചോദിച്ചുകൊള്ളട്ടെ. സ്ത്രീ സഭയിൽ സംസാരിക്കുന്നത് അനുചിതമല്ലൊ. [36]ദൈവ വചനം നിങ്ങളുടെ ഇടയിൽനിന്നോ പുറപ്പെട്ടത്? അല്ല നിങ്ങളിൽ നിന്നു മാത്രമോ വന്നത്?**

14:34–36 ലെ വാക്യങ്ങളെ വിഭജിച്ചിരിക്കുന്നത് അൽപം തെറ്റിദ്ധാരണ വരുത്തുന്നു. ക്രമ രാഹിത്യം ദൈവ സ്വഭാവമല്ല. ദൈവ ജനം തെറ്റിദ്ധാരണ പരത്തുമ്പോൾ, അവർ സമാധാനപ്രിയനായ ദൈവത്തെ മാനിക്കുന്നില്ല. "അവൻ കലക്കത്തിന്റെ ദൈവം അല്ല" (14:33). മുൻപ് സൂചിപ്പിച്ച പല കാര്യങ്ങളുടെയും തീർപ്പായിരുന്നു അപ്പൊസ്തലന്റെ വാക്കുകളിൽ കാണപ്പെട്ടത്. എന്നാൽ അത് അവസാന വാക്ക് ആണോ? അത് മുൻപ് പറഞ്ഞതിന്റെ ചുരുക്കമായി പറയുന്നതോ, അതോ തുടർന്നു പറയുവാനിരിക്കുന്ന കാര്യങ്ങളുടെ മുഖവുരയാണോ?

പൗലൊസ് മുൻപ് പറഞ്ഞതിന്റെ വിപുലീകരണമായിട്ടാണ് ഇതിനെ എൻഏഎസ്ബി പറയുന്നത്. 1 കൊരിന്ത്യ ലേഖനത്തിന്റെ ഗ്രീക്ക് പുസ്തകം വായിക്കുന്ന വേദ പണ്ഡിതന്മാരും നിരവധി തർജിമക്കാരും 14:33 വ്യത്യസ്തമായാണ് പറഞ്ഞിരിക്കുന്നത് (എൻആർഎസ്വി, എൻഐവി 1984; ഈഎസ്വി). അവർ തർജിമ ചെയ്തിരിക്കുന്നത് "വിശുദ്ധന്മാരുടെ സർവ്വ സഭായോഗങ്ങളിലുമെന്ന പോലെ" എന്നാണ്, ശേഷം ക്രമവും ക്രമരഹിതവും എന്ന വിഷയം പുതിയ ഖണ്ഡികയായി തുടങ്ങുന്നു. 14:33 ന്റെ മദ്ധ്യേ ഒരു പുതിയ ഖണ്ഡിക തുടങ്ങുന്നത് നല്ലതാണ്. പൗലൊസ് ഇതിനിടയിൽ സ്ത്രീകളെ കുറിച്ചു പറയുവാനിടയായത്, കൊരിന്തിൽ സ്ത്രീകൾ മുൻസ്ഥാനത്തിനായി മൽസരിക്കുകയായിരുന്നു. മറ്റു സ്ഥലങ്ങളിൽ സഭ പരിശീലിക്കുന്നത് ചെയ്യുവാനായിരുന്നു പൗലൊസ് കൊരിന്ത്യ സഭയോട് ആവശ്യപ്പെട്ടത്. കർത്താവിന്റെ സഭയുടെ ഇടവകകൾ അന്യോന്യം പഠിക്കണം.

**വാക്യങ്ങൾ 34, 35.** "വിശുദ്ധന്മാരുടെ സർവ്വ സഭകളിലുമെന്നപോലെ സഭായോഗങ്ങളിൽ സ്ത്രീകൾ മിണ്ടാതിരിക്കട്ടെ" എന്നു പൗലൊസ് പറയാതിരുന്നുവെങ്കിൽ, സ്ത്രീകൾ മിണ്ടാതിരിക്കട്ടെ എന്നത് മനസിലാക്കുവാൻ കഴിയുമായിരുന്നില്ല. പിന്നീട് പറയുന്നത് മുൻപ് നിർദ്ദേശിച്ചതുമായി ബന്ധപ്പെട്ടിരിക്കുന്നു. എൻആർഎസ്വിയും മറ്റു തർജിമക്കാരും പറയുന്നത് ശരിയാണ്. അതനുസരിച്ച് 14:33 ന്റെ മദ്ധ്യഭാഗത്ത് വരണം പുതിയ ഖണ്ഡിക. എങ്ങനെയായാലും, ആ വാക്യത്തിന്റെ ചർച്ചയുടെ അവസാനം പറഞ്ഞ സഭായോഗത്തിന്റെ ക്രമം തിരിച്ചറിയണം.

11:5 സ്ത്രീ പ്രവചിക്കുന്നതായി പറയുന്നതും, 14:34, 35 ൽ **സ്ത്രീകൾ സഭായോഗങ്ങളിൽ** മിണ്ടാതിരിക്കട്ടെ എന്നു പറയുന്നതും മനസിലാക്കുന്നതിൽ വേദ പണ്ഡിതന്മാർക്ക് വിഷമം നേരിടുന്നു. "സഭ" കൂടിവരുന്ന സന്ദർഭത്തിൽ സ്ത്രീകൾ മിണ്ടാതിരിക്കട്ടെ എന്നാണ് പൗലൊസ് പറഞ്ഞത്. **അവർ സ്വയമായി കീഴടങ്ങിയിരിക്കേണം** എന്നത്രെ അപ്പൊസ്തലൻ പറഞ്ഞത് അതിന്റെ കാരണം താഴെയുള്ള വാക്യത്തിൽ പറയുന്നു, **സ്ത്രീ സഭയിൽ സംസാരിക്കുന്നത് അനുചിതമല്ലൊ.**

11:1–16 ഉം 14:34, 35 എന്നീ രണ്ട് വേദഭാഗങ്ങളും ശ്രദ്ധയോടെ പരിശോധിച്ചാൽ, പിരിമുറുക്കവും സംഘർഷവും നിലനിന്ന സാഹചര്യമായിരുന്നു എന്നു കാണാം. അദ്ധ്യായം 11 ൽ സ്ത്രീകൾ സഭായോഗങ്ങളിൽ പുരുഷ

ന്മാർക്ക് കീഴടങ്ങിയിരിക്കേണം എന്നു ചർച്ച ചെയ്യുന്നു-അപ്പോൾ, ആ കാര്യം-ഒരു കീഴടങ്ങൽ വിഷയമാണ് എന്നു വരുന്നു ആ സന്ദർഭത്തിൽ മൂടുപടം എന്ന ആലങ്കാരികത വളരെ-പ്രധാനപ്പെട്ടതായിരുന്നു. ആ സാഹചര്യത്തിൽ, സ്ത്രീകൾ മൂടുപടമിട്ട് പ്രാർത്ഥിക്കണം എന്നു പറഞ്ഞപ്പോൾ പുരുഷന്മാർ മൂടുപടം ഇടാതെ പ്രാർത്ഥിക്കണം എന്നും സാമൂഹ്യ ധാർമ്മികതക്കായി അപ്പൊസ്തലൻ പറഞ്ഞു. സഭ ആരാധനക്കായി കൂടിവരുന്നതായിരുന്നു സാഹചര്യം (14:34). സ്ത്രീകൾ "സ്വയം കീഴടങ്ങിയിരിക്കട്ടെ" എന്നാണ് പൗലൊസ് പറഞ്ഞത്. സഭായോഗത്തിൽ മൂടുപടം ധരിക്കുന്നതു സംബന്ധിച്ചാണ് 1 കൊരിന്ത്യർ 11 ൽ പറയുന്നത്; അതായിരുന്നു അദ്ധ്യായം 14 ലെ വിഷയം എങ്കിൽ, സഭാ യോഗത്തിൽ തലയിൽ മൂടുപടം ഇടുന്നത് കീഴ്പ്പെടലാണ് സൂചിപ്പിക്കുന്നത്. സഭായോഗത്തിൽ ഒരാളിൽനിന്നു പ്രതീക്ഷിക്കുന്നതാണ് അപ്പൊസ്തലൻ വിവരിക്കുന്നത്.

തലയെ കുറിച്ചുള്ള ചർച്ചയിൽ ഉൾപ്പെടുന്നതെന്തു തന്നെയായാലും, സ്ത്രീകൾ സഭായോഗങ്ങളിൽ എന്തെല്ലാം സൂക്ഷിക്കണം എന്നതു പറഞ്ഞു എങ്കിലും, പൗലൊസിന്റെ പ്രബോധനത്തിന്റെ മുഖ്യ ഉദ്ദേശം മറ്റൊന്നായിരുന്നു. പിന്നെയോ, ക്രിസ്തീയ സ്ത്രീപുരുഷന്മാർ ആരാധനയിൽ എങ്ങനെയായിരിക്കണമെന്നതായിരുന്നു മുഖ്യ ചിന്ത. കർത്തൃമേശ ആചരിക്കുന്നതിനെ കുറിച്ചും (11:20), അന്യഭാഷയുടെ ഉപയോഗത്തെ കുറിച്ചും (ἐν ἐκκλησίᾳ, എൻ എക്ലേസിയഹ "സഭയിൽ"; 14:35; 14:19, 28 നോക്കുക). സഭായോഗത്തിൽ എങ്ങനെയായിരിക്കണമെന്നതായിരുന്നു നിർദ്ദേശം.

14:34, 35 ലെ പരസ്യാരാധയിലെ നായകത്വ ചോദ്യത്തോട് അപ്പൊസ്തലൻ പ്രതികരിച്ചിരിക്കുന്നു. പൗലൊസിന്റെ പ്രബോധനത്തിലും നിർദ്ദേശത്തിനും ഉള്ള അദ്ധ്യായത്തിലെ പശ്ചാത്തലം, സഭായോഗത്തിലെ പെരുമാറ്റം ആയിരുന്നു. "ങഭയിൽ" ചില സ്ത്രീകൾ തെറ്റിദ്ധാരണ പരത്തിയിരുന്നതായി പൗലൊസിന് അറിവ് ലഭിച്ചിരുന്നു. അക്കാരണത്താൽ, അവൻ അവരോട് മിതിണ്ടാതിരിക്കുവാൻ ആവശ്യപ്പെട്ടു. തങ്ങളുടെ ഭർത്താക്കന്മാരുടെ നായകത്വം അവർ അംഗീകരിക്കുന്നതിന്റെ തെളിവായിരുന്നു ആ മൗനം. അത് അങ്ങനെ ആയിരിക്കണം എന്നു പൗലൊസ് നിർദ്ദേശിച്ചു.

തന്റെ നിർദ്ദേശത്തിൽ പിന്തുണക്കുവാനായി, അപൊസ്തലൻ ന്യായപ്രമാണത്തെയും ഉപദോയകിച്ചിരിക്കുന്നു. **ന്യായപ്രമാണവും പറയുന്നതുപോലെ** എന്നാണ് അപ്പൊസ്തലൻ പ്രസ്താവിച്ചത് ന്യായപ്രമാണത്തിലെ ഏതു പ്രസ്താവനയാണ് അവൻ ഉദ്ദേശിച്ചത് എന്നു വ്യക്തമല്ല: ഒരുപക്ഷെ ഉൽപത്തി 3:16 ആയിരിക്കാം. അവിടെ സ്ത്രീയോട് പറയുന്നത്, "... നിന്റെ ഭർത്താവ് നിന്നെ ഭരിക്കും." സ്ത്രീകൾ സഭായോഗത്തിൽ "മൗനമായിരിക്കട്ടെ" (σιγάω, *സിഗാവോ*)[15] എന്നു പറഞ്ഞപ്പോൾ, യാതൊരു ഒഴികഴിവും നൽകുന്നില്ല. അത് എല്ലാ കാര്യത്തിലും അങ്ങനെയായിരിക്കണം എന്നു കരുതരുത്. ഇടവക ഒന്നായി പാട്ടു പാടുമ്പോൾ സ്ത്രീകളും ചേർന്നു പാടുന്നു. 14:34, 35 ൽ പ്രശ്നം പരസ്യാരാധനയിലെ നായകത്വമായിരുന്നു.

ഗ്രീക്ക് ലോകത്ത് പുരുഷന്മാർക്ക് ലഭിച്ചിരുന്ന വിദ്യാഭ്യാസം സ്ത്രീകൾക്ക് ലഭിച്ചിരുന്നില്ല. പൗലൊസിന്റെ കാലത്ത് ജീവിച്ചിരുന്ന ഡെൽഫിയിലെ പുരോഹിതനായിരുന്ന പ്ലൂടാർക് പറഞ്ഞു, "സ്ത്രീകൾ പരസ്യമായി സംസാരിക്കരുത്; അവൾക്ക് സംസാരിക്കണമെങ്കിൽ, അത് അവളുടെ ഭർത്താവ് മുഖാന്തരം ആയിരിക്കണം." അദ്ദേഹം കൂട്ടിച്ചേർത്തു പറഞ്ഞു, "അവൾ പീഡിപ്പിക്കപ്പെ

ട്ടാൽ, അവളുടേതല്ലാത്ത ശബ്ദത്തിൽ, ഓടക്കുഴൽ-വായിക്കുന്നവനെ പോലെ അത് കേൾപ്പിക്കണം."[16]

സാമൂഹികമായ നിബന്ധനകൾ അവർ പ്രമാണിക്കണമായിരുന്നു, എന്നാൽ പൗലൊസിന്റെ വാക്കുകൾ ആചാരാനുസരണത്തേക്കാൾ മുഖ്യമായതായിരുന്നു. സഭ കൂടി വരുമ്പോൾ, സാർവ്വലൗകികമായി പുരുഷന്മാരുടെ നായകത്വത്തിന് സ്ത്രീകൾ കീഴ്പ്പെട്ടിരിക്കണം എന്നാണ് പൗലൊസ് നിർദ്ദേശിച്ചത്. സഭ അപ്പൊസ്തലികമാകണമെങ്കിൽ ഇന്നത്തെ ആധുനിക സഭ ഈ നിർദ്ദേശങ്ങളെ പാലിക്കണം. വേദശാസ്ത്ര സൂചനകൾ പരിഗണിക്കത്തക്കതാണ്. ഇതിനർത്ഥം സ്ത്രീകൾ സഭായോഗങ്ങളിൽ അവരുടെ അധരം അനക്കരുത് എന്നല്ല. ഉദാഹരണമായി, അവളുടെ സഹവിശ്വാസിയെ വന്ദനം ചയ്യുകയോ, പാട്ടുപാടുകയോ ചെയ്യുന്നത് വിലക്കിയിട്ടില്ല. മറിച്ച്, സ്ത്രീകൾ സഭ കൂടി വന്നു പരസ്യാരാധ നടത്തുമ്പോൾ, അതിൽ അവർ നായകത്വം നടത്തുവാൻ പാടില്ല എന്നർത്ഥം.[17]

14:34, 35 ലേയും 11:5 ലേയും പൗലൊസിന്റെ നിർദ്ദേശങ്ങളിലെ സമ്മർദ്ദം പരിഹരിക്കുവാനുള്ള ഒന്നോ രണ്ടോ നിർദ്ദേശങ്ങൾ ഇതാ, ഒന്ന്, പരിശുദ്ധാത്മാവിനാൽ നേരിട്ട് പ്രവചനം ലഭിച്ച സ്ത്രീകൾ, മുൻപ് പറഞ്ഞ പൊതുവായ നിർദ്ദേശം ആയ "സഭയിൽ സ്ത്രീകൾ മൗനമായിരിക്കട്ടെ" എന്നത് പാലിക്കണം. രണ്ട്. പുരുഷന്മാർ സന്നിഹിതരല്ലെങ്കിൽ, അവർക്ക് പ്രവചിക്കുവാൻ അനുവാദമുണ്ടായിരുന്നേക്കാം. ഉപദേശവും തിരുത്തലും കണക്കിലെടുത്ത്, നമുക്ക് അറിയാവുന്നേടത്തോളം, പ്രവചനം (ഉദാഹരണമായി, 1 യോഹ. 4:1 നോക്കുക), മുൻപറഞ്ഞ വിശദീകരണം തള്ളിക്കളയാവുന്നതല്ല. 1 കൊരിന്ത്യർ 11 ലെ നിർദ്ദേശം, "സഭയിൽ" കൂടിവരുമ്പോൾ, സ്ത്രീ പുരുഷന്മാർ അന്യോന്യം എങ്ങനെ ആയിരിക്കണം എന്ന പ്രബോധനമാണ് നൽകുന്നതെന്നു തോന്നുന്നു.

സ്ത്രീപുരുഷ സാന്നിധ്യത്തിലെ ചെറിയ വ്യത്യാസം വൈകാരികമായി ആളുകൾ എടുക്കുന്നതായിരിക്കാം പ്രശ്നം. ചെറിയ വേദഭാഗങ്ങളും തർജ്ജിമകളും 14:34, 35 നും 14:40 നു ശേഷവും കാണാം. അവ ഒന്നും വാക്യങ്ങൾ ഇല്ലാതെയുള്ളതല്ല, പക്ഷെ അവ സ്ഥാനം തെറ്റിയാലാണ് പ്രശ്നം. അതിനാൽ പൗലൊസിന്റെ ആദ്യ എഴുത്തിൽ ഇല്ലാതിരുന്നതും, പിന്നീടുള്ള എഴുത്തുകാർ കൂട്ടിചേർത്തതാണെന്നും വാദിക്കുന്നു.[18] ആ വാക്യങ്ങൾ തൽസ്ഥാനത്ത് എഴുതാതിരിക്കുവാനുള്ള കാരണം എന്തെന്നു വ്യക്തമല്ല. ഒരുപക്ഷെ എഴുത്തുകാരൻ അത് ആദ്യം എഴുതിയപ്പോൾ, വിട്ടുപോയത് മനസിലാക്കി പേജു മുഴുവൻ വീണ്ടും എഴുതുന്നതിനുപകരം ആ വാക്യങ്ങൾ 14:33 നു ശേഷം എഴുതി ചേർത്തതുമാകാം. 14:40 നു ശേഷം 14:34, 35 വരുന്ന വേദഭാഗമാണ് ഏറ്റവും ബഹുമാനിക്കുന്നത്. വേദഭാഗത്തിലെ 14:34, 35 ഒഴിവാക്കുവാനാഗ്രഹിക്കുന്നവർക്ക് വ്യക്തിപരമായ താൽപര്യം കാണും.

പൗലൊസിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച്, ഒരു സ്ത്രീക്ക് തന്റെ ഭർത്താവിന് അപമാനം വരുത്താതെ രഹസ്യമായി ഏതു തരത്തിലുള്ള ചോദ്യങ്ങളും ചോദിക്കാവുന്നതാണ്. സഭയുടെ ഏറ്റുപറച്ചൽ, ധാർമ്മികത, ആരാധന എന്നിവയെ കുറിച്ചുള്ള സംശയങ്ങൾ, **സ്ത്രീകൾ വീട്ടിൽ വെച്ച് അവരുടെ ഭർത്താക്കന്മാരോട് ചോദിക്കട്ടെ** എന്നാണ് അപ്പൊസ്തലൻ പറഞ്ഞത് (14:35). താൻ സംബോധന ചെയ്ത ഗ്രീക്കുകാരോടായിരുന്നു പൗലൊസിന്റെ നിർദ്ദേശത്തിലെ ഒരു ഭാഗം. സ്ത്രീകളുടെ അഭിപ്രായ പ്രകടനമോ, ചോദ്യം ചോദി

ക്കുന്നതോ അവസരം അനുസരിച്ചായിരിക്കണം; ആചാരകാര്യങ്ങളെ പറഞ്ഞ ശേഷം, സഭയിൽ പുരുഷന്മാരായിരിക്കണം നായകത്വം നടത്തേണ്ടത് എന്നു പ്രസ്താവിച്ചിരിക്കുന്നു (കൊലൊ. 3:18, 19). താൻ പറഞ്ഞത് വ്യക്തമാക്കുവാൻ അപ്പൊസ്തലൻ കൂട്ടിച്ചേർത്തു, **സ്ത്രീ സഭയിൽ സംസാരിക്കുന്നത് അനുചിതമല്ലോ**. ദൈവ വചനത്തോട് വിശ്വസ്തത പുലർത്തി കർത്താവിന്റെ സഭയിലെ ഓരോ ഇടവകയും പ്രശ്നം പരിഹരിക്കുവാൻ.

ആധുനിക മതരംഗത്തുനിന്നു ഒരു ചോദ്യം ഉയരുന്നു: "ഒരു സ്ത്രീക്ക് ഭർത്താവ് ഇല്ലെങ്കിൽ എന്തു ചെയ്യും?" കൊരിന്ത്യയിലെ വിശ്വാസികളിൽന ിന്നും ഉയർന്ന ചോദ്യം ആയിരുന്നില്ല അത്. മാന്യയായ ഒരു സ്ത്രീ വിവാഹം കഴിച്ചിരിക്കുമെന്ന ചിന്തയിലായിരിക്കാം അപ്പൊസ്തലൻ അത് പറയുന്നത്. വിവാഹം കഴിച്ച സ്ത്രീ സാധാരണ അവളുടെ ഭർത്താവിന്റെ നിർദ്ദേശമനുസരിച്ചായിരിക്കും മതപരമായ കാര്യങ്ങൾ ചെയ്യുക. വിശ്വസ്തരായ ഭർത്താക്കന്മാർ അവരുടെ ഭാര്യമാരുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകും. ആധുനിക സഭയിൽ സ്ത്രീകൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകുന്നു. ബൈബിൾ ക്ലാസുകളിലോ, അഥവാ മറ്റു മീറ്റിംഗുകളിലോ സ്ത്രീകളെ ചോദ്യം ചോദിക്കുവാൻ അനുവദിക്കും. അതിനു പുറമെ. അവിവാഹിതരായി കഴിയുന്ന സ്ത്രീകളെയും ആളുകൾ ബഹുമാനിക്കും. ഭർത്താവില്ലാത്ത സ്ത്രീക്ക് അവളുടെ ചോദ്യങ്ങൾ മറ്റു വിശ്വസ്തരായ പുരുഷന്മാരോട് രഹസ്യമായി ചോദിച്ചു മനസിലാക്കാം. അത് അവളുടെ ബന്ധുവിനോടോ, സഭയിലെ മൂപ്പനോടോ, വിശ്വസ്തരായ അംഗങ്ങളോടോ ചോദിക്കാം.

പൗലൊ1സ് സംബോധന ചെയ്തത്, എല്ലാ സഭകളോടും, വിശേഷിച്ച് കൊരിന്ത്യ സഭയോടും സംബോധന ചെയ്താണ് എഴുതിയിരിക്കുന്നത്. ആത്മിയതക്കായി പുതിയ നിയമത്തിലേക്ക് അവരെ ആഹ്വാനം ചെയ്യാതെയാണ് പറയുന്നത്. ഒരു പരിധി വരെ സഭകളിലെ പതിവ് പരിശീലനങ്ങളെ എടുത്തു കാണിക്കുകയാണ്. 7:17 ൽ അപ്പൊസ്തലൻ തീർപ്പാക്കുന്നത്, "അതാണ് ഞാൻ എല്ലാ സഭകളോടും ആജ്ഞാപിക്കുന്നത്." 11:16 ൽ, തല മൂടുന്ന വിഷയം സംസാരിച്ച് പറഞ്ഞു, "ഒരുത്തൻ തർക്കിപ്പാൻ ഭാവിച്ചാൽ അങ്ങനെയുള്ള മര്യാദ ഞങ്ങൾക്കും ദൈവ സഭകൾക്കുമില്ല" എന്നാണ് അപ്പൊസ്തലൻ വ്യക്തമാക്കിയത്. ക്രമത്തെ കുറിച്ച് സഹോദരങ്ങളെ പ്രബോധിപ്പിച്ച് എഴുതി, "... വിശുദ്ധന്മാരുടെ സർവ്വ സഭകളിലും" (14:33).

**വാക്യം 36**. പൗലൊസിന് കൊരിന്ത്യയിൽ നേരിട്ട എതിർപ്പിന്റെ വ്യാപ്തി നമുക്ക് അറിയില്ല, അതിന്റെ ശക്തി എത്രമാത്രം ആയിരുന്നു എന്നും പറയുവാൻ വിഷമമാണ്. അപ്പൊസ്തലൻ തൻെറ എതിരാളികളെ നേരിട്ട് കാണുവാൻ പോകുന്നു എന്നത് വ്യക്തമാണ്. **ദൈവ വചനം നിങ്ങളിൽനിന്നോ പുറപ്പെട്ടത്?** എന്ന് ചോദിച്ചത്, 7:17, 11:16, അല്ലെങ്കിൽ 14:33 നേക്കാൾ മൂർച്ചയുള്ള വാക്കുകളാണ്. എങ്ങനെയായാലും, പൊതുവായ ഒരു പ്രരചോദനം അവർക്ക് എല്ലാം ലഭിച്ചു. അതായത്, എല്ലാ സഭകളിലേയും പരിശീലനങ്ങൾ കൊരിന്ത്യ സഭക്ക് ഗുണകരമായി തീർന്നു. കൊരിന്ത്യ സഭ ഒന്നിച്ചുകൂടിയപ്പോൾ, അവർക്കിടയിൽ നേരിട്ട പ്രശ്നമായിരുന്നു ക്രമരാഹിത്യം. മറ്റു ഇവകകളിലെ പ്രിശീലന ക്രമം കൊരിന്ത്യ സഭ പഠിക്കണമായിരുന്നു. സുവിശേഷം അവരിൽ നിന്നല്ല ഉത്ഭവിച്ചത്. മറ്റുള്ളവർ പരിശീലിക്കുന്ന പതിവിനെ കൊരിന്ത്യയിലുള്ളവർ എതിർക്കുന്നത് അവരുടെ നിഗളത്തെയാണ് കാണിക്കുന്നത്. [സുവിശേഷം] **ലഭിച്ചത് നിങ്ങൾക്ക് മാത്രമോ?** എന്നു ചോദിച്ച് അപ്പൊസ്തലൻ

അവരെ യാഥാർത്ഥ്യത്തിലേക്ക് മടക്കി വരുത്തുകയായിരുന്നു.

### ആരാധകർക്ക് പൊതുവായുള്ള നിർദ്ദേശങ്ങൾ (14:37-40)

**[37]താൻ പ്രവാചകൻ എന്നോ ആത്മികൻ എന്നോ ഒരുത്തന്നു തോന്നുന്നു എങ്കിൽ, ഞാൻ നിങ്ങൾക്ക് എഴുതുന്നത് കർത്താവിന്റെ കൽപന ആകുന്നു എന്ന് അവൻ അറിഞ്ഞുകൊള്ളട്ടെ. [38]ഒരുവൻ അറിയുന്നില്ലെങ്കിൽ അവൻ അറിയാതിരിക്കട്ടെ. [39]അതുകൊണ്ട് സഹോദരന്മാരേ, പ്രവചനവരം വാഞ്ഛി പ്പിൻ, അന്യഭാഷയിൽ സംസാരിക്കുന്നത് വിലക്കുകയുമരുത്. [40]സകലവും ഉചിതമായും ക്രമമായും നടക്കട്ടെ.**

**വാക്യം 37**. ഒരാൾ വാസ്തവത്തിലുള്ള **പ്രവാചകനോ ആത്മികനോ** ആകുന്നു എങ്കിൽ അയാൾ അപ്പൊസ്തലന്റെ വാക്കുകൾ തിരിച്ചറിയും എന്നാണ് പൗലൊസ് വ്യക്തമാക്കിയത്, കാരണം അപ്പൊസ്തലൻ രേഖ പ്പെടുത്തിയത് കർത്താവിന്റെ കൽപനയായിരുന്നു. തന്നിൽ പ്രവർത്തിക്കു ന്നത് ദൈവം ആണെന്ന് പൗലൊസ് മനസിലാക്കിയിരുന്നു. സഭക്കുള്ള **കർത്താവിന്റെ കൽപനയാണ്** ദൈവശ്വാസിയമായി താൻ എഴുതിയത് എന്ന് പൗലൊസ് തിരിച്ചറിഞ്ഞിരുന്നു. ജെ. ഗ്രെഷാൻ മാകെന്റെ തീർച്ചപ്പെടുത്തൽ താഴെ കൊടുക്കുന്നു,

> പൗലൊസ് സഭകൾക്ക് എഴുതിയ വാക്കുകൾ അപ്പൊസ്തലിക അധി കാരത്താൽ എഴുതിയതായിരുന്നു, അവയെല്ലാം വിസ്തൃതമായ അർത്ഥ ത്തിൽ കർത്താവിന്റെ കൽപനകളായിരുന്നു. അവയെല്ലാം കർത്താവിന്റെ അധികാരത്താൽ രേഖപ്പെടുത്തിയവയായിരുന്നു [14:37].[19]

കൊരിന്ത്യ സഭയിലെ ചിലർ തന്റെ അപ്പൊസ്തലിക അധികാരത്തെ ചോദ്യം ചെയ്യുവാനിടയുണ്ടെന്ന് അറിയാമായിരുന്നു (2:13; 2 കൊ. 10:2). സഭ ദൈവ ത്തിന് കീഴ്പ്പെട്ടിരിക്കുവാൻ നിർദ്ദേശിക്കുമ്പോൾ പൗലൊസിന് വ്യക്തിപരമായ പോരാട്ടവും കഴിക്കേണ്ടി വന്നു.

**വാക്യം 38**. പൗലൊസ് എഴുതിയ സത്യം **തിരിച്ചറിയുവാൻ** ശ്രമിക്കാത്ത, അല്ലെങ്കിൽ ചില കാര്യങ്ങളെ സഭക്ക് ബോധ്യപ്പെടുത്തുവാൻ തനിക്ക് അവ കാശമുണ്ടെന്ന് കരുതാത്തവർ, അജ്ഞരായിരിക്കുവാൻ താൽപര്യപ്പെടുന്നു എന്നാണ് അപ്പൊ1സ്തലൻ പ്രതികരിച്ചത്. പൗലൊസ് പറഞ്ഞതിനെ അവഗ ണിച്ചത് പുറത്തു കാണിപ്പാൻ അവൻ ആഗ്രഹിച്ചു. ഒരുപക്ഷെ പൗലൊസോ അല്ലെങ്കിൽ, സഭയിൽ ആത്മാർത്ഥതയുള്ള ആരെങ്കിലുമോ അത് ചെയ്തിരി ക്കും. കർത്താവ് തുറന്നു കാണിക്കുവാൻ ആഗ്രഹിച്ചതാണ് അപ്പൊസ്തലൻ ചെയ്തത്. അതിനിടയിൽ, പൗലൊസ് പറഞ്ഞു, **അവൻ തിരിച്ചറിയു**[ന്നില്ല]. അതായത്, അവനെ പ്രവാചകനെന്നോ ആത്മികനെന്നോ കണക്കാക്കുവാൻ സാധ്യമല്ല. ആ വാക്കുകളിൽ അൽപം ശല്യപെടുത്തൽ ഉണ്ടെന്നു തോന്നുന്നു. എന്നേക്കുമുള്ള ദൈവശ്വാസിയതയെ ആണ് അങ്ങനെയുള്ളവൻ നിഷേധി ക്കുന്നത്. ഒരു സമയം അവൻ ആ അജ്ഞരായവരെ അവരുടെ അജ്ഞതയിൽ വിട്ടുകളയുകയാണ്.

**വാക്യം 39**. സഭയുടെ ആത്മിക വർദ്ധനവിനും, വളർച്ചക്കും വേണ്ടി

നൽകിയ ആത്മിക വരങ്ങളിൽ അന്യഭാഷയേക്കാൾ കൂടുതൽ ഫലപ്രദം പ്രവചന വരത്തിനായിരുന്നു. എന്നിരുന്നാലും, അന്യഭാഷയുടെ പ്രയോജന ത്തെ അപ്പൊസ്തലൻ നിരാകരിക്കുന്നുമില്ല. നൽകപ്പെട്ട ആത്മിക വരങ്ങളെ വിലക്കുവാൻ ആരെയും അനുവദിച്ചിട്ടില്ല. ക്രമമായി ഉപയോഗിച്ചാൽ അന്യ ഭാഷയും പ്രവചനവും സഭക്ക് ഗുണം ചെയ്യുമായിരുന്നു. അദ്ധ്യായം 14 ൽ ഉടനീളം ആത്മിക വരങ്ങൾ ഉപയോഗിക്കുന്നതിനെ കുറിച്ചാണ് പൗലൊസ് സംസാരിക്കുന്നത്. സംസാരിക്കുന്ന വ്യക്തിയെ അന്യ ഭാഷ സംസാരിക്കുന്ന തിനായാലും, പ്രവചനത്തിനായാലും, പ്രത്യേക സമയത്തും സന്ദർഭങ്ങളിലും ഉപയോഗിക്കുന്നതിനാണ് തിരഞ്ഞെടുത്തത് (14:27–33). വിവിധ ഭാഷകളിൽ സംസാരിക്കുവാൻ വരം ലഭിച്ചവർ അത്ഭുതകരമായിട്ടായിരുന്നു സംസാരിച്ചി രുന്നത്. ആത്മാവിന്റെ അധികാരത്താൽ പ്രവചിക്കുന്നതിനാണ് ചിലർക്ക് ആ വരം നൽകിയത്. ആ വരങ്ങൾ ക്രമമായും ഉചിതമായും ഉപയോഗിക്കുമ്പോൾ അത് ക്രിസ്തുവിന്റെ ശരീരത്തിന്റെ വളർച്ചക്കായി ഉതകുന്നു. അല്ലാതെ അത് മറ്റു വിധത്തിൽ ഉപയോഗിച്ചാൽ സഭക്ക് അവമതിപ്പുണ്ടാക്കും.

**വാക്യം 40**. സഭായോഗത്തിൽ, പൗലൊസ് വ്യക്തമാക്കിയതനുസരിച്ച് **സകലവും ഉചിതമായും ക്രമമായും നടക്കണം**. കെജെവി യിൽ വായിക്കു ന്നത്, "സകലവും മാന്യമായും, ക്രമായും നടക്കണം" എന്നാണ്. സഭായോ ഗത്തിൽ ക്രിസ്ത്യാനികൾ കർശനമായും പാലിക്കേണ്ട നിബന്ധനകളായിട്ടല്ല അപ്പൊസ്തലൻ നിർദ്ദേശിക്കുന്നത്, പിന്നെയോ, ചിലരുടെ ആധിപത്യത്താ ലുള്ള കുഴപ്പം ഒഴിവാക്കുവാനായി ആരാധനയിൽ നടക്കുന്നതെല്ലാം അടുക്കും ചിട്ടയുമായി വേണം എന്നാണ് അപ്പൊസ്തലൻ നിർദ്ദേശിക്കുന്നത്. വരം ലഭി ച്ചവരെല്ലാം അവ സഭയുടെ പൊതു പ്രയോജനത്തിനും ദൈവ മഹത്വത്തിന ായും ഉപയോഗിക്കണം. വെയിൻ ഏ. മീക്സ് ശരിയായി പറഞ്ഞു, "ആത്മിക വരങ്ങളുടെ ഉപയോഗ രീതി അനുസരിച്ചായിരിക്കും ഒരു സംഘത്തിന്റെ 'അഭ്യുന്നതിക്കായി' അത് പരിണമിക്കുന്നത്. ബുദ്ധിപൂർവ്വമായിട്ടാണ് അത് ഉപയോഗിക്കേണ്ടത് എന്നത് അന്തർലീനമാണ്."[20]

## പ്രായോഗികത

### ക്രിസ്തീയാരാധന സഭായോഗത്തിൽ

സൃഷ്ടികർത്താവിനോട് സമീപിച്ച് അവനോട് പ്രതികരിക്കാവുന്ന ഒരു വാതിലാണ് ക്രിസ്തീയ സഭായോഗം. പുതിയ നിയമ ക്രിസ്ത്യാനികൾ കൂടി വന്നപ്പോൾ ചെയ്തിരുന്ന കാര്യങ്ങളുടെ ഒരു ഉൾകാഴ്ച്ചയാണ് 1 കൊരിന്ത്യർ 14 ൽ മറ്റു വിഷയങ്ങളേക്കാൾ പ്രതിപാദിച്ചിരിക്കുന്നത്. "ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ നിങ്ങൾ കൂടി വരുമ്പോൾ ഓരോരോരോന്നോരോന്നായി, പടി-പടി-യായി ചെയ്യണം ..." ആരാധന അപ്രകാരമായിരിക്കണം എന്നു പറയുവാൻ ദൈവത്തിന് അവന്റേതായ കാരണങ്ങൾ കാണാം. (1) ക്രിസ്ത്യാ നികൾ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ കൂടി വന്ന് ആരാധിക്കണമെന്ന് അപ്പൊസ്തലൻമാരിൽനിന്നു അവർക്ക് വെളിപ്പാട് ലഭിച്ചിരുന്നു (1 കൊ. 11:20; 16:2), (2) അവർ കൂടി വരുമ്പോൾ കർത്തൃമേശ ആചരിക്കുവാനും കൽപിച്ചി രുന്നു (11:20, 23–26; പ്രവൃ. 20:7 നോക്കുക). ദൈവശ്വാസിയ പുരുഷന്മാർ സുവി ശേഷ സന്ദേശം നൽകുകയും, പാട്ട് പാടുകയും, പ്രാർത്ഥിക്കുകയും (14:26). അതിനു പുറമെ, തങ്ങളുടെ പ്രാപ്തി പോലെ കൊടുക്കുകയും ചെയ്തു (16:2).

**ആരാധനയിൽ നിരീക്ഷണം**

സൃഷ്ടികർത്താവിന്റെ വിളിയോട് പ്രതികരിക്കുവാനുള്ള അവസരമാണ് ക്രിസ്തീയ സഭായോഗം. കലങ്ങി മറിഞ്ഞ വലിയ പ്രപഞ്ചത്തിലാണ് നാം ജീവിക്കുന്നത്. നാളെ എന്തു സംഭവിക്കും എന്ന് ഉറപ്പില്ലാത്ത ലോകത്തിലാണ് നാം ജീവിക്കുന്നത് എന്ന് അനുഭവം നമ്മെ പഠിപ്പിക്കുന്നു. ആരാധനയിൽ നാം നമ്മുടെ സൃഷ്ടികർത്താവിനോട് ചേരുകയും, കൊടുക്കൽ, വാങ്ങൽ, പങ്കിടൽ എന്നിവ കൂടാതെ നിത്യ ദൈവത്തോടും സഹ മനുഷ്യരോടും ബന്ധം പുലർത്തുന്നതെങ്ങനെ എന്നു നമുക്ക് അറിയില്ല. നമുക്കുള്ളതും, നമ്മുടെ വാക്കുകളും, സമയവും, സാന്നിധ്യവും നാം അവരുമായി പങ്കിടുകായാണ്. പരസ്പര വ്യവഹാരം നടത്താതെ ബന്ധം സ്ഥാപിക്കുവാൻ സാധ്യമല്ല. ദൈവത്തോട് ബന്ധപ്പെടുവാനുള്ള മുഖാന്തരമാണ് സഭാരാധന.

ആളുകൾ മറ്റു കാര്യങ്ങൾ ചെയ്യുന്നതുപോലെ, ആരാധനയിലും, പാപം ചെയ്യുന്നു. ഒരു പാപവുമില്ലാതെ, ആരാധനക്ക് കടന്നു വന്നു ദൈവത്തെ പാടി പുകഴ്ത്തുവാനും നമസ്ക്കരിക്കുവാനും കഴിയുകയില്ല. ദൈവത്തെ ആരാധിക്കുവാൻ അവൻ ആവശ്യപ്പെടുന്നത്, അവനെ കേട്ട്, അവന്റെ നിർദ്ദേശപ്രകാരം ചെയ്യുക. സ്വയ തൃപ്തിക്കോ, സ്വയം മഹത്വം എടുക്കുന്നതിനോ ആകരുത് ആരാധന. നമസ്ക്കാരം ഒരു വരമാണെങ്കിൽ അത് ദൈവത്തിന് പ്രസാദകരമായി ഉപയോഗിക്കണം. നാം എന്തു ചെയ്യണമെന്ന് ദൈവം ആഗ്രഹിക്കുന്നതാണ് നമ്മിൽനിന്നു പുറപ്പെടേണ്ടത്.

അവന്റെ കൃപയാൽ, നമ്മുടെ എളിയ പുകഴ്ച്ച ദൈവം സ്വീകരിക്കുന്നു. നാം അവനെ മാനിക്കുമ്പോൾ നമ്മുടെ ആരാധനാ ദാനം അവൻ സ്വാഗതം ചെയ്യും. പലരും അതിനു ശ്രമിക്കുന്നില്ല; അനേകം പേർ അവനെ കാണുന്നില്ല. ക്രിസ്ത്യാനികളായ, നാം ഏറ്റവും നല്ല ആരാധന അർപ്പിക്കുമ്പോൾ, അതിനു നല്ല ഫലം ലഭിക്കും. പ്രാർതഥിക്കുവാനും, അവനെ മാനിക്കുവാനും നമ്മിൽ തന്നിരിക്കുന്ന ആത്മാവ് നമ്മെ പഠിപ്പിക്കുന്നു. ഇത്തരത്തിൽ ആശയ വിനിമയം നടത്തുവാൻ കഴിയുമെന്ന് കണ്ടുപിടിക്കുന്നതുവരെ, അലെക്സാണ്ടർ ഗ്രഹാംബെൽ ടെലഫോൺ കണ്ടുപിടിച്ചില്ല. അദ്ദേഹത്തിന്റെ ഊമയായ ഭാര്യയോട് ആശയവിനിമയം നടത്തുവാനുള്ള പരിശ്രമത്തിലായിരുന്നു അദ്ദേഹം. ബെൽ ചെയ്ത ചില കാര്യങ്ങളുടെ ഫലമായിരുന്നു ടെലഫോൺ. അതുപോലെ നാം ചില കാര്യങ്ങൾ ആരാധനയിൽ ചെയ്യുമ്പോൾ, അതായത്, നാം ദൈവത്തെ ശ്രദ്ധിച്ച് ആരാധിക്കുമ്പോൾ, ദൈവകൃപ നമ്മിൽ നന്മക്കായി പ്രവർത്തിക്കുന്നു. നമ്മുടെ കുറവുകളോ, പാപമോ നോക്കാതെ നമ്മുടെ സത്യസന്ധമായ ആരാധന ദൈവം സ്വീകരിക്കുന്നു.

**അന്യഭാഷയിൽ സംസാരിക്കൽ-അന്നും ഇന്നും**

പൗലൊസ് അന്യഭാഷയെ കുറിച്ച് പരാമർശിച്ചതിന്റെ അടിസ്ഥാനത്തിൽ, താഴെ കൊടുത്തിരിക്കുന്ന നിരീക്ഷണങ്ങൾ പരിഗണിക്കുന്നത് നന്നായിരിക്കും.

പൗലൊസിന്റെ ലേഖനങ്ങളിലെല്ലാം, അന്യഭാഷ, അത്ഭുതകരമമായതോ, മറ്റു രീതിയിലുള്ളതോ, കൊരിന്ത്യലേഖനത്തിന് പുറത്ത് കാണുന്നില്ല. പൊതുവായ ഒന്നായിരുന്നില്ല അന്യഭാഷാ സംസാരം എന്നു സ്പഷ്ടം. ചുരുങ്ങിയത്, മറ്റൊരു ഭാഗത്തും ഇതിനെ കുറിച്ചുള്ള വിവാദവും നാം കാണുന്നില്ല.

ഏതെങ്കിലും വേദഭാഗം മനസിലാക്കുവാനായി മറ്റു വേദഭാഗം നോക്കുന്നയാൾ, 1 കോരിന്ത്യർ ലേഖനത്തിലെ അന്യഭാഷ എന്തെന്ന് മനസിലാക്കുവാൻ

പ്രവൃത്തികളുടെ പുസ്തകം അദ്ധ്യായം 2 നോക്കണം. 1 കൊരിന്ത്യർ 14 ഉം പ്രവൃത്തികൾ 2 ഉം പരിശോധിച്ചാൽ, അത് നടപ്പുള്ള ഒരു ഭാഷ തന്നെയായിരുന്നു എന്നു സ്പഷ്ടം.

ഹർഷോന്മാദ ശബ്ദം, ഇന്ന് ചില മതവിഭാഗം അവകാശപ്പെടുന്നതുപോലെ അത് വാസ്തവത്തിലുള്ള അന്യഭാഷ ആണെന്ന് അതിന്റെ പിന്നിൽ ഒരു തെളിവുമില്ല എന്നതാണ് വാസ്തവം, അത് തെളിവായ ഒരു ഭാഷയുമല്ല.

അത്തരം ഗ്ലോസാലിയയെ കുറിച്ച് പഠനം നടത്തിയ സാമൂഹ്യ ശാസ്ത്രജ്ഞനായിരുന്ന മീക്സ് തീർച്ചപ്പെടുത്തി,

> ഗ്ലോസാലിയ എന്നത് പഠിച്ച ഒരു പാടവമാണ്, എങ്ങനെയായാലും, അതിന്റെ മെക്കാനിസം എങ്ങനെയെന്നത് അവ്യക്തമാണ്. ഒരു പ്രത്യേക സംഘത്തെ ഉയർന്ന അവസ്ഥയിലേക്ക് നയിക്കുമെന്ന് തോന്നിപ്പിക്കുന്ന പ്രദർശനമാണ് അത്. ചടങ്ങുകളായ നടപടികളിൽ കൂടെയാണ് അത് പ്രകടമാക്കുന്നത്.[21]

ആധുനിക മതപരമായ പ്രതിഭാസമായി ഇന്ന് അറിയപ്പെടുന്ന ഈ അന്യഭാഷാപ്രതിഭാസം ലോകമെങ്ങുമുള്ള അവരുടെ സംഘടനകൾ അതിനെ അംഗീകരിച്ചിരിക്കയാണ്. അത് മനശാസ്ത്രപരമായും, സാമൂഹ്യപരമായും ആയ വേരുകൾ ഉണ്ടെന്നല്ലാതെ, അതു അമാനുഷമായി സംഭവിക്കുന്നതല്ല.

**പൗലൊസ് പഴയ നിയമ സൂചന നൽകുന്നു (14:21)**

1 കൊരിന്ത്യർ 14:21 ലെ പൗലൊസ് സൂചിപ്പിച്ച “അന്യഭാഷ” യെ യെശയ്യാവ് 28:11, 12 മായി ഒത്തു നോക്കിയാൽ ഇന്നത്തെ വായനക്കാർക്ക് അപരിചിതമായി തോന്നിയേക്കാം. വിദേശിയരായ ആളുകളുടെ ഭാഷയിൽ ദൈവം തന്റെ ജനമായ യിസ്രായേലിനോട് സംസാരിക്കുന്നതായിരുന്നു. അതിന് ആത്മാവ്-നിറഞ്ഞ് പരിശുദ്ധാത്മ ശക്തിയാൽ കൊരിന്ത്യ സഭയിൽ അന്യഭാഷയിൽ അത്ഭുതകരമായ സംസാരിച്ചതുമായി ഒരു ബന്ധവുമില്ല. യെശയ്യാവ് മുന്നറിയിച്ചത് പുതിയ നിയമ കാലത്ത് നിറവേറുന്നതല്ലെങ്കിൽ പൗലൊസ് ആ ഒരു സൂചന നൽകിയത് എന്തിന്?

പുതിയ നിയമത്തിൽ ഉദ്ധരിച്ച പഴയനിയമ മുന്നറിയിപ്പുകളെല്ലാം അങ്ങനെ തന്നെ ക്രിസ്തുവിന്റെ ജീവിതത്തിലോ, സഭയുടെ ആരംഭഘട്ടത്തിലോ സംഭവിക്കണമെന്നില്ല എന്ന് ക്രിസ്ത്യാനികൾ തിരിച്ചറിയണം. (1) ചിലപ്പോൾ സാന്മാർഗിക അനിവാര്യത ബോധ്യപ്പെടുത്തുവാനായി പുതിയ നിയമ എഴുത്തുകാർ പഴയ നിയമ ഭാഗങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. പൗലൊസ് എഴുതി, “അന്യനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിവർത്തിച്ചിരിക്കുന്നുവല്ലോ” (റോമ 13:8). പിന്നെ പൗലൊസ് പത്തു കൽപനകളിലെ പലതും പറഞ്ഞിരിക്കുന്നത് ക്രിസ്തുവിനെയോ അവന്റെ ആളുകളെയോ കുറിച്ചുള്ളതല്ല. മറിച്ച് പഴയ നിയമത്തിന്റെ തുടർച്ചയാണ് പുതിയനിയമം എന്നു ബോധ്യപ്പെടുത്തുവാനായിരുന്നു അപ്പൊസ്തലൻ അവ ഉദ്ധരിച്ചത്. പഴയനിയമത്തിൽ ദൈവം ആവശ്യപ്പെട്ട ധാർമ്മിക നിലവാരം പുതിയനിയമത്തിലെ ക്രിസ്തുവിന്റെ സന്ദേശത്തിലും ആവശ്യമാണ്.

(2) ചിലപ്പോൾ, പഴയ നിയമ ചരിത്രത്തിലെ ചില സംഭവങ്ങൾ അതിനോട് സാമ്യമുള്ള പുതിയ നിയമ സംഭവങ്ങൾ പറയുമ്പോൾ ഉദ്ധരിച്ചിട്ടുണ്ട്. മത്തായി

എഴുതിയപ്പോൾ ഹോശെയാവ് 11:1 ഉദ്ധരിച്ചിരിക്കുന്നു. "മിസ്രയിമിൽനിന്നു ഞാൻ എന്റെ ദാസനെ വിളിച്ചു വരുത്തി" (മത്താ. 2:15). ആത്മിയ അർത്ഥത്തിൽ ദൈവത്തിന്റെ പുത്രനായ യിസ്രായേലിനെ ദൈവം മിസ്രയിമിൽനിന്നു വിളിച്ചു വരുത്തിയതുപോലെ ക്രിസ്തുവിനെയും ദൈവം മിസ്രയിമിൽനിന്നു വിളിച്ചു കൊണ്ടുവന്നു. അതു പുതിയ നിയമവായനക്കാരെ ഉറപ്പിക്കുവാൻ ഉപയോഗിച്ചതാണ് പഴയ നിയമ സംഭവം.

പുതിയ സാഹചര്യത്തിൽ, മൂലഗ്രന്ഥത്തിലെ ഭാഗങ്ങൾ ഉദ്ധരിക്കുന്നത് പൊതുവായ പതിവാണ്. ചിലപ്പോൾ ബൈബിളിനകത്തുനിന്നും അല്ലെങ്കിൽ പുറത്തു നിന്നും എടുക്കാം. ഒരു ചിത്രീകരണം സഹായിച്ചേക്കാം.[22] ലോകത്തിലെ ഏറ്റവും വലിയ കെട്ടിടമാണ് ലണ്ടനിലെ സെന്റ് പോൾസ് കത്തീഡ്രൽ എന്ന കെട്ടിടമാണ്. അതിന്റെ നിലവറയിൽ മറ്റുള്ളവരോടൊപ്പം ആ കെട്ടിടത്തിന്റെ രൂപകൽപന നടത്തിയ ആർക്കിട്ടെക്ട് സർ ക്രിസ്റ്റഫർ രെന്നിനെയും (1632–1723) അടക്കിയിരുന്നു. അദ്ദേഹത്തിന്റെ മകൻ ആ കല്ലറക്കു മേൽ അപ്പന്റെ പേർ ഒരു ലോഹഫലകത്തിൽ ആളേഖനം ചെയ്തിരുന്നു. അത് കത്തീഡ്രലിന്റെ ശിഖരത്തെയും പെരുമയെയും വർദ്ധിപ്പിക്കുന്നതായിരുന്നു.

ആ മേലെഴുത്ത് ഇന്നത്തെ ഒരു വ്യക്തിക്ക് പ്രയോഗിക്കാം. ഒരു വൃദ്ധനായ ഒരു ക്രിസ്ത്യാനിയുടെ വിശ്വസ്തയായ ഭാര്യ മരിച്ചുപോയി. ഓർമ്മ ശുശ്രൂഷയിൽ, അയാൾക്ക് കാണുവാൻ കഴിഞ്ഞത്, അവൾ ജീവിച്ചിരുന്നപ്പോൾ ആർക്കെല്ലാം ആലോചന പറഞ്ഞുകൊടുത്തുവോ, സാധു കുട്ടികൾക്ക് അവർ ആരാരം കൊടുത്തത്, പാപമോചനത്തിനായുള്ള സ്നാനം ഏൽക്കുവാൻ അവർ സഹായിച്ച സ്ത്രീകൾ എന്നിവരെയെല്ലാം നോക്കിയാൽ, ആ സ്ത്രീ എത്ര അനുഗ്രഹീതയായിരുന്നു എന്നു കാണാം. അവളുടെ ഭാർത്താവ് അവളെ കുറിച്ച് പറയും, "നിങ്ങൾക്ക് അവളെ ഓർക്കുവാൻ ചുറ്റുപാടും നോക്കിയാൽ മതി." റെന്നിനെ കുറിച്ച് ദആഴുതിയ മേലെഴുത്തും, മരിച്ചുപോയ ഭാര്യയെ എങ്ങനെ ഓർക്കണമെന്നു പരഞ്ഞ ഭർത്താവിന്റെ വാക്കുകളും, പുതിയ നിയമ എഴുത്തുകാർ പഴയ നിയമം ഉദ്ധരിച്ചതിന്റെ ഉദ്ദേശം നമുക്ക് കാണാം. ആ രീതിയിലാണ് പൗലൊസ് യെശയ്യാവ് 28:11, 12, 1 കൊരിന്ത്യർ 14:21 ൽ ഉപയോഗിച്ചത്.

---

കുറിപ്പുകൾ

[1]ഐ ഹോവാർഡ് മാർഷൽ, *ന്യൂടെസ്റ്റമെന്റ് തിയോളജി: മെനി വിറ്റ്നെസസ്, വൺ ഗോസ്പൽ* (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർ വാഴ്സിറ്റി പ്രസ്, 2004), 253. [2]വ്യാഖ്യാന പ്രശ്നം ഒഴിവാക്കുവാന് കെജെവി അന്യഭാഷയെ തർജിമ ചെയ്തിരിക്കുന്നത് "അറിയപ്പെടാത്ത ഭാഷ" എന്നാണ്. ഗ്രീക്കിൽ (γλῶσσαι, "ഭാഷകൾ") എന്നു മാത്രമാണ്. [3]കൊർന്നെല്യോസും തന്റെ ഭവനവും (പ്രവൃ 10:46) എഫെസൊസിലെ പന്ത്രണ്ടു പേരും (പ്രവൃ 19:6) അന്യഭാഷയിൽ സംസാരിച്ചിരുന്നു എങ്കിലും, വിശദാംശങ്ങൾ ആ രണ്ടു സംഭവങ്ങളിലും ഇല്ല. [4]ജിമ്മി ഇവിഡൻ, *ഗ്ലോസാലിയാ: ഫ്രം ഗോഡ് ടു മാൻ?* (ഫോർട്ടർത്ത് ടെക്സ്: സ്റ്റാർ ബൈബിൾ പബ്ലിക്കേഷൻസ്, 1971), 37–38. [5]വില്യം ജെ. സമാരിൻ, *ടങ്സ് ഓഫ് മെൻ ആന്റ് ഏഞ്ചൽസ്: ദ റിലീജിയസ് ലാങ്ഗേജ് ഓഫ് പെന്റെകോസ്റ്റലിസം* (ന്യൂയോർക്ക്: മാക്മില്ലൻ കമ്പനി., 1972), 128.

[6]ഡേവിഡ് ഈ. ഗാർലന്റ്, *1 കൊരിന്ത്യൻസ്,* ബേക്കർ എക്സെജെറ്റിക്കൽ കമെന്ററി ഓൺ ദ ന്യൂടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ബേക്കർ അക്കാഡമിക്, 2003), 641. [7]എൻഎഎസ്ബി 14:19, 28 ൽ അവരുടെ തർജിമയിൽ "ഇൻ ദ ചർച്ച്" എന്നു കൂട്ടിച്ചേർത്തിരിക്കുകയാണ്. എന്നാൽ 14:35 ൽ ആർട്ടിക്കിൾ ഉപയോഗിച്ചിട്ടില്ല, 11:18 ലുമതെ, അർത്ഥം, "സഭായോഗത്തിൽ" എന്നാണ്. [8]എവറെറ്റ് ഫെർഗൂസൻ, "'വെൻ യു കം ടുഗെദർ' എപി ടു ഔലോ ഇൻ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ," *റെസ്റ്റൊറേഷൻ ക്വാർട്ടെർലി* 16, നമ്പർ. 3/4 (1973); 202–8. [9]ഗോർഡൻ ഡി. ഫി, *ദ ഫസ്റ്റ് കൊരരിന്ത്യൻസ്,* ദ ന്യു ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യു ടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1987), 571. [10]നോക്കുക, 14:3, 4 (രണ്ട് പ്രാവശ്യം), 5, 12, 17, 26.

[11]ബെൻ വിതെറിങ്ടൻ III, *കോൺഫ്ളിക്ട് ആന്റ് കമ്മൂണിറ്റി ഇൻ കൊരിന്ത്: ഏ സോഷ്യോ-റിറ്റോറിക്കൽ കമെന്ററി ഓൺ 1 ആന്റ് 2 കൊരിന്ത്യൻസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1995), 285. [12]ഗാർലന്റ്, 658. [13]വാൾട്ടർ ബാവർ, *ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂ ടെസ്റ്റമെന്ഡറ് ആന്റ് അദർ എർലി ക്രിസ്ത്യൻ ലിറ്ററേച്ചർ*, 3ഡ് എഡി. ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 244. [14]ലിയോൺ മോറിസ്, *ദ ഫസ്റ്റ് എപിസ്റ്റിൽ ഓഫ് പോൾ ടു ദ കൊരിന്ത്യൻസ്*, റെവ. എഡി., ടിൻഡേൽ ന്യൂടെസ്റ്റമെൻറ് കമെന്ററീസ് (ഗ്രനാൻഡ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലലിഷിങ് കമ്പനി., 1985), 199–200. [15]അതേ ക്രിയ 14:28, 30 ൽ ഉപയോഗിച്ചിരിക്കുന്നു, അവിടെ ഊന്നൽ തെറ്റുപറ്റാത്ത എന്നതിനാണ്. [16]"പ്ലൂടാർക് വരനും വധുവിനും നിർദ്ദേശം നൽകുന്നു" *മൊറാലിയ* 2.32 [142]. [17]ജെയിസ് ഗ്രെൻബറി വിമർശനാത്മകമായി നോക്കി പറഞ്ഞു "സ്ത്രീകൾ വാമൊഴിയായി പ്രവചിക്കുന്നതിനെ മാത്രരമെ പൗലൊസ് വിലക്കിയിട്ടുള്ളു"അല്ലാതെ പ്രവചനത്തെ വിലക്കിയിട്ടില്ല. (ജെയിംസ് ഗ്രെൻബറി, "1 കൊരിന്ത്യൻസ് 14:34–35: ഇവാല്യേഷൻ ഓഫ് പ്രോഫസി റിവൈസ്ഡ്" *ജേണൽ ഓഫ് ദ ഇവാഞ്ചെലിക്കൽ തിയോളജിക്കൽ സൊസൈറ്റി* [ഡിസംബർ 2008]: 721–31.) അവസാനം അയാൾ ആ കാവ്ച്ചപ്പാടിനെ നിരസിച്ചു. [18]ഫീ തുടങ്ങിയ വ്യാഖ്യാതാക്കൾ നൽകിയ പരിഹാരം ഇതാണ്, ഫീ, 699–701. [19]ജെ ഗ്രെഷാം മാകൻ, *ദ ഒറിജിൻ ഓഫ് പോൾസ് റിലീജിയൻ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1947), 147. [20]വെയിൻ ഏ. മീക്സ്, *ദ ഫസ്റ്റ് അർബൻ ക്രിസ്ത്യൻസ്: ദ സോഷ്യൽ വേൾഡ് ഓഫ് ദ അപ്പൊസ്തൽ പോൾ*, 2ഡ് എഡി. (ന്യു ഹാവെൻ, രോണ്.: യെയിൽ യൂണിവേഴ്സിറ്റി പ്രസ്, 2003), 123.

[21]ഇബിഡ്., 120. [22]താഴെ കൊടുത്തിരരിക്കുന്നത് ഡുവെയിൻ വാർഡന്റെ "കൺവിൻസി ങ്ങ് എവിഡെൻസ്," *ഗോസ്പൽ അഡ്വെക്കേറ്റ്* 141 (ഒക്ടോബർ 1999): 14.